# നാഗാരാധന കേരളത്തിൽ : ആമേടക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം

സെന്റ് .തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം

**ശ്രീലക്ഷ്മി കെ.ജി.**

**രജിസ്റ്റർ നമ്പർ** : SM21MAL009

**സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

# നാഗാരാധന കേരളത്തിൽ : ആമേടക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം

സെന്റ് .തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**ശ്രീലക്ഷ്മി കെ.ജി**

**രജിസ്റ്റർ നമ്പർ** : SM21MAL009



**സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2023**

## പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യ മായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലന്ന് സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം

02.8.2023

**ശ്രീലക്ഷ്മി .കെ .ജി**

രണ്ടാംവർഷ മലയാളം

ബിരുദാനന്തരബിരുദം

# സാക്ഷ്യപത്രം

**ദർശന തമ്പി.എ**

അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)
എറണാകുളം

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) കോളേജിൽ മലയാളം ബിരുദാനന്തര ബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി ശ്രീലക്ഷ്മി കെ.ജി. സമർപ്പിക്കുന്ന 'നാഗാരാധന കേരളത്തിൽ ആമേടക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം' എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം

02.08.2023 **ദർശന തമ്പി.എ**

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ദർശന തമ്പിയോടും പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറിവിഭാഗം ഉദ്യോഗസ്ഥരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

എറണാകുളം

02.8.2023

**ശ്രീലക്ഷ്മി .കെ .ജി**

രണ്ടാം വർഷ മലയാളം

ബിരുദാനന്തര ബിരുദം

# ഉള്ളടക്കം

**ആമുഖം** I-II

1. പഠനലക്ഷ്യം
2. പഠനത്തിന്റെ പ്രസക്തി
3. പരികല്പന
4. പഠനമേഖല
5. പഠനരീതി
6. പ്രബന്ധസ്വരൂപം

**അധ്യായം: ഒന്ന്** 1-11

നാഗാരാധനയുടെ ചരിത്രം

1.1. നാഗാരാധന ഭാരതത്തിൽ
1.2. നാഗാരാധന കേരളത്തിൽ
1.3. നാഗാരാധനയും സർപ്പക്കാവും
1.4. കേരളത്തിലെ പ്രധാന നാഗക്ഷേത്രങ്ങൾ
1.4.1 മണ്ണാറശാല
1.4.2 അനന്തർകാട് നാഗരാജക്ഷേത്രം
1.4.3 പാമ്പുമ്മേക്കാട്ട് മന
1.4.4 വട്ടിക്കോട്ക്ഷേത്രം
1.4.5 അത്തിപ്പെറ്റനാഗകന്യാക്ഷേത്രം
1.4.6 തൃപ്പാറശിവക്ഷേത്രം
1.4.7 പാമ്പാടിശ്രീപാമ്പും കാവ്
1.4.8 പെരളശ്ശേരി ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം
1.4.9 കരിപ്പാൽ നാഗം
1.4.10 അർത്തിക്കാവ് നാഗകാളീ ക്ഷേത്രം
1.4.11 നെല്യാടി ശ്രീ നാഗകാളീക്ഷേത്രം
1.4.12 ശ്രീ മണിയക്കോട്ടപ്പ ക്ഷേത്രം
1.4.13 വള്ളിയൂർക്കാവ് ക്ഷേത്രം
1.4.14 കരണക്കാവ് ഭഗവതി ക്ഷേത്രം

1.5 അഷ്ടനാഗങ്ങൾ

1.5.1 അനന്തൻ

1.5.2വാസുകി

1.5.3 തക്ഷകൻ

1 .5.4 കാർക്കോടകൻ

1.5.5 ഗുളികൻ

1.5.6 പത്മൻ

1.5.7 മഹാപത്മൻ .

1.5.8 ശംഖപാലകൻ

**അധ്യായം : രണ്ട്** 12-22

ആമേടക്ഷേത്രത്തിന്റെ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും

2.1 ശക്തി സപ്തമാതൃക്കൾ

2.1.1 ബ്രഹ്മണി

2.1.2 വൈഷ്ണവി

2.1.3 മഹേശ്വരി

2.1. 4 കൗമാരി

2.1.5 ചാമുണ്ഡി

2.1.6 വരാഹി

2.2 ആമേടയിലെ ഉപദേവതമാർ

2.2.1 നാഗരാജവും നാഗയക്ഷിയും

2.2.2 ജലയക്ഷി

2.2.3 വെട്ടത്ത് വിഷ്ണു

2.2.4 ഭദ്രകാളി

2.3 ആമേട മനയുടെ ചരിത്രം

2.4 ആമേട ക്ഷേത്ര ഭരണം

2.5 ആമേട ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

2.5.1 ആയില്യം ഇടി

2.5.2 കിണ്ടി എറിയൽ

2.5.3 പൂവട്ടകമഴ്ത്തൽ

2.5.4 കാർത്തികപ്പായസം

2.5.5 നാഗം നീക്കൽ

2.6 ആമേട ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ

2.6.1 ഉത്സവബലി

2.6.2 പള്ളിവേട്ട

2.6.3 സർപ്പബലി

2.6.4 നൂറും പാൽ

2.6.5 പുള്ളുവപ്പാട്ട്

2.6.6 അഷ്ടനാഗപൂജ

**ഉപസംഹാരം** 23-24

**ഗ്രന്ഥസൂചി** 25

**അനുബന്ധം** 26

# ആമുഖം

# ആമുഖം

പ്രകൃതിയെയും അതിലെ ജീവജാലങ്ങളെയും ആരാധനയ്ക്ക് അവലംബമാക്കുന്ന പാരമ്പര്യം ലോകത്തിന്റെ പല ഭാഗങ്ങളിലും കാണാം. ഇത്തരം ആരാധനകളിൽ ഒന്നാണ് നാഗാരാധന. കേരളത്തിലും ഭാരതത്തിലും മാത്രമല്ല വിവിധരാജ്യങ്ങളിലും നാഗാരാധന നിലവിലുണ്ട്.നാഗങ്ങളെ പ്രീതിപ്പെടുത്തിയാൽ ഐശ്വര്യം,സന്താനല ബ്ധി,രോഗശാന്തി  എന്നിവ ലഭിക്കുമെന്ന വിശ്വാസമാണ് കേരളത്തിലെ നാഗാരാധന യ്ക്കടിസ്ഥാനം.പ്രാചീനകാലം മുതൽ കേരളത്തിൽ നാഗാരാധന നിലനിന്നിരുന്നു. കേരളത്തിലെ ആദിമനിവാസികളായിരുന്ന ദ്രാവിഡരാണ് ആദ്യമായി നാഗങ്ങളെ ആരാധിച്ചുതുടങ്ങിയത്.കേരളത്തിലെ തറവാടുകളോട് ചേർന്ന കാവുകൾ, ക്ഷേത്ര ങ്ങൾ എന്നിവിടങ്ങളിലെല്ലാം നാഗാരാധന നടത്തിവരുന്നു. നാഗങ്ങളെ പ്രതിഷ്ഠിച്ചി രിക്കുന്ന കാവുകളെ 'സർപ്പക്കാവുകൾ'  എന്നാണ് വിളിച്ചു വരുന്നത്.സർപ്പദോഷമു ണ്ടാകുമെന്ന ഭയം നിമിത്തം ഏറെ പവിത്രതയോടെയാണ് സർപ്പക്കാവുകൾ സംര ക്ഷിക്കപ്പെട്ടു വരുന്നത്.കാവുകളിലെന്നപോലെ തന്നെ ചില ക്ഷേത്രങ്ങളിൽ പ്രധാന പ്രതിഷ്ഠയായും ഉപപ്രതിഷ്ഠയായും നാഗങ്ങളെ ആരാധിച്ചു വരുന്നുണ്ട്. മണ്ണാറ ശ്ശാല, അനന്തൻകാട്, ആമേട, പാമ്പുമേയ്ക്കാട് എന്നിവ കേരളത്തിലെ നാഗാരാധ നാപ്രധാനങ്ങളായ ക്ഷേത്രങ്ങളാണ്.

കേരളത്തിലെ നാഗക്ഷേത്രങ്ങളിൽ അതീവപ്രാധാന്യമുള്ള ഒരു ക്ഷേത്രമാണ് എറണാകുളം ജില്ലയിൽ സ്ഥിതിചെയ്യുന്ന ആമേടക്ഷേത്രം.  നാഗാരാധയുമായി ബന്ധപ്പെട്ട നിരവധി ആചാരാനുഷ്ഠാനങ്ങളുള്ള ഒരു ക്ഷേത്രമാണിത്.മധ്യകേരള ത്തിലെ ക്ഷയിച്ചുപോയ തറവാടുകളിൽനിന്ന് നാഗങ്ങളെ ആവാഹിച്ചു കൊണ്ടുപോയി കുടിയിരുത്തുന്നതും ആമേടക്ഷേത്രത്തിലാണ്.

## 1. പഠനലക്ഷ്യം

കേരളത്തിലെ നാഗാരാധനയെക്കുറിച്ചും പ്രധാന നാഗാരാധനാക്ഷേത്രമായ ആമേടക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെയും വിശകലനം ചെയ്യുക എന്ന താണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## 2. പഠനത്തിന്റെ പ്രസക്തി

കേരളത്തിലെ നാഗാരാധനയുള്ള മറ്റ് ക്ഷേത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി നാഗങ്ങളെ ആവാഹിച്ച് കുടിയിരുത്തുന്നതിന് പേരുകേട്ട ഒരു ക്ഷേത്രമാണ് ആമേട. ആമേടക്ഷേത്രത്തെയും അനുഷ്ഠാനങ്ങളെയും മുൻനിർത്തി ഗവേഷണാ

ത്മകമായ പഠനം ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഈ പഠനത്തിന്റെ പ്രസക്തി.

### 3. പരികല്പന

കേരളത്തിലെ നാഗാരാധനാക്ഷേത്രങ്ങളിൽ വ്യത്യസ്തമായി നിലകൊള്ളുന്ന ആമേടക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെ സമഗ്രമായി വിശകലനം ചെയ്യാനാകും എന്നതാണ് പഠനത്തെ ആധാരമാക്കിയുള്ള പരികല്പന.

### 4. പഠനമേഖല

'നാഗാരാധന കേരളത്തിൽ ആമേടക്ഷേത്രത്തെ മുൻനിർത്തിയുള്ള പഠനം' എന്ന ഈ പ്രബന്ധത്തിൽ കേരളത്തിലെ നാഗാരാധനയെ ആസ്പദമാക്കിയുള്ള ഗ്രന്ഥങ്ങളെ വിശദമായി അപഗ്രഥിക്കുകയും ആമേടക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെ വിശകലനം ചെയ്യുകയും ചെയ്യുന്നു.

### 5. പഠനരീതി

ആമേടക്ഷേത്രവുമായി ബന്ധപ്പെട്ട ആവേദകരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചും ഗ്രന്ഥങ്ങളെ ആധാരമാക്കിയും കേരളത്തിലെ നാഗാരാധനയെയും ആമേടക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളെയും പഠിക്കുന്ന രീതിയാണ് പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 6. പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടതെ രണ്ട് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിലുള്ളത് .ഒന്നാം അധ്യായം 'നാഗാരാധനയുടെ ചരിത്രം' എന്നതാണ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും ഇന്ത്യയിലും കേരളത്തിലുമുള്ള നാഗാരാധനയെക്കുറിച്ച് വിശകലനം ചെയ്യുകയാണ് ഒന്നാം അധ്യായത്തിൽ .'ആമേടക്ഷേത്രത്തിലെ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും' എന്ന രണ്ടാം അധ്യായത്തിൽ ആമേടക്ഷേത്രത്തിന്റെ ചരിത്രവും ഐതീഹ്യവും ആചാരാനുഷ്ഠാങ്ങളും ആഴത്തിൽ പരിശോധിക്കുന്നു. ഉപസംഹാരത്തിൽ നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നു. ഗ്രന്ഥസൂചി, ലേഖനസൂചി, അനുബന്ധം എന്നിവയോടെ പ്രബന്ധം അവസാനിക്കുന്നു.

# അധ്യായം ഒന്ന്:

## നാഗാരാധനയുടെ ചരിത്രം

# അധ്യായം ഒന്ന്
# നാഗാരാധനയുടെ ചരിത്രം

ജീവിതാവസ്ഥകളെ അനുകൂലമാക്കി മാറ്റുവാനും തങ്ങൾക്ക് അജ്ഞാതമായിരുന്ന പല പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും രക്ഷനേടാനും ആദിമമനുഷ്യർ കണ്ടെത്തിയ മാർഗമാണ് ആരാധന. പ്രകൃതിശക്തികളെയാണ് ആദിമമനുഷ്യർ ആരാധിച്ചിരുന്നത്. ഇന്ന്കാണുന്ന എല്ലാ ആരാധനാസമ്പ്രദായങ്ങളുടെയും തുടക്കം ഇവിടെ നിന്നാണെന്ന് മനസ്സിലാക്കാം. ലോകത്തിൻറെ പല ഭാഗങ്ങളിൽ നാനാവിധത്തിലുള്ള ആരാധനാസമ്പ്രദായങ്ങൾ ഉണ്ട് .അതിൽ ഒന്നാണ് നാഗാരാധന. നാഗത്തെ ദൈവമായി കണക്കാക്കുകയും അവയെ ആരാധിക്കുകയും ചെയ്യുന്ന രീതിയാണിത്. പല രാജ്യങ്ങളിലും നാഗങ്ങളെ ആരാധിക്കുന്നുണ്ടെങ്കിലും നാഗങ്ങളെ ആദ്യമായി ആരാധിക്കാൻ തുടങ്ങിയത് യുറേനിയൻ ജനതയാണ്.ഈ വർഗ്ഗക്കാർ എവിടെയൊക്കെ കുടിയേറി പാർത്തിട്ടുണ്ടോ അവിടെയെല്ലാം നാഗാരാധന പ്രചരിപ്പിക്കുകയും ചെയ്തു. (നാഗാരാധനയും തിരിയുഴിച്ചിലും ജയകൃഷ്ണൻ എൻ. 2015 പുറം 17 ) 'നാഗം' എന്ന സംസ്കൃത (പാലി) പദത്തിന് ആംഗലേയ ഭാഷയിൽ സർപന്റ്(ല്യ്യൂമിഭ) എന്ന പദമാണ് ഉപയോഗിക്കുന്നത്. ഈജിപ്ത് , ചൈന, മധ്യ അമേരിക്ക , മെക്സിക്കോ,ഗ്രീസ് ,റോം, ബർമ്മ, മലേഷ്യ, ചില ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം നാഗങ്ങളെ ആരാധിക്കുന്നുണ്ട്. ഈജിപ്ഷ്യൻ പുരാവൃത്തങ്ങളിൽ നാഗങ്ങളെ നന്മ തിന്മകളുടെ പ്രതീകളായാണ് കാണുന്നത്. ബാബിലോണിയൻ സങ്കല്പമായ "തയാമത്ത് നാഗം" തിന്മയുടെയും അചെപ്നാഗം നൻമയുടെയും പ്രതീകങ്ങളാണ്. സൂര്യദേവന്റെ പ്രതീകമായി മൂർഖനെ കണ്ടിരുന്നതായുള്ള ചില തെളിവുകൾ ബാബിലോണിയയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. (നാഗാരാധനയും തിരിയുഴിച്ചിലും ,ജയകൃഷ്ണൻ എൻ. , 2015 , പുറം 17 )നന്മ തിന്മകൾ എന്നതു പോലെ ചതി ,രക്ഷ , വിഷം ,പുനർജന്മം, രതി എന്നിവയുടെയും പ്രതീകങ്ങളായി നാഗങ്ങളെ ആരാധിക്കുന്നുണ്ട്. ചില രാജ്യങ്ങളിൽ സർപ്പങ്ങളെ ജലം, ദീർഘായുസ്സ്, സ്വാതന്ത്ര്യം, ബുദ്ധി എന്നിവയുടെ പ്രതീകമായും ആരാധിക്കുന്നു. .(നാഗാരാധന കേരളത്തിൽ, ജയകുമാരിക്കുഞ്ഞമ്മ സി.എസ്, 2012, പുറം: 5 )

ഗ്രീക്ക് പുരാവൃത്തങ്ങളിൽ നന്മയുടെ രൂപമായാണ് നാഗങ്ങളെ ചിത്രീകരിച്ചിരിക്കുന്നത്. (നാഗാരാധനയും തിരയുഴിച്ചിലും, ജയകൃഷ്ണൻ എൻ. , 2015 , പുറം 19 ) ചൈനയിൽ സർപ്പങ്ങൾക്ക് കറുപ്പു കൊടുത്തു മയക്കി ആരാധിക്കുന്നു. മനുഷ്യാ

ത്മാക്കളുടെ പുനർജന്മമാണ് സർപ്പങ്ങൾ എന്നാണ് ചൈനക്കാരുടെ വിശ്വാസം. എന്നാൽ സർപ്പങ്ങൾ ദുർദേവതകളുടെയും പിശാചുക്കളുടെയും അവതാരമാണെന്ന് ജപ്പാൻകാർ വിശ്വസിക്കുന്നു. ( നാഗാരാധനയും തിരിയുഴിച്ചിലും, ജകൃഷ്ണൻ എൻ ., 2015 , പുറം 20)പുരാതന ഈജിപ്തുകാർ കൃഷിയുടെ ആരംഭ സമയത്തെയും വിളവെടുപ്പിനെയും സർപ്പങ്ങളുമായി ബന്ധപ്പെടുത്തുന്നു. നാഗങ്ങളുടെ ദേവതയായ 'ഇജോയെ' നൈൽതാഴ്വരയുടെ ദൈവമായി സങ്കൽപ്പിച്ച് ആ പ്രദേശത്തെ ഭരണാധികാരികൾ തങ്ങളുടെ ഇഷ്ടദേവതയായി ആരാധിച്ചിരുന്നു. ഈ ദേവതയ്ക്ക് ഈജിപ്ഷ്യൻ മൂർഖന്റെ ചിത്രവുമായി സാദൃശ്യമുണ്ട്. ( നാഗാരാധനയും തിരിയുഴിച്ചിലും , ജയകൃഷ്ണൻ എൻ. ,2015 , പുറം 19)

അമേരിക്കയിലെ ഇന്ത്യൻ വംശജർ പാമ്പുകളെ ദൈവദൂതന്മാരായും ദൈവത്തിന്റെ പ്രതിരൂപമായും ആരാധിച്ചിരുന്നു. അമേരിക്കയിലെ വരണ്ടപ്രദേശങ്ങളിൽ കൃഷിക്കും ജല സമൃദ്ധിക്കുമായി ഇപ്പോഴും ' ഹോപ്പിസർപ്പ നൃത്തം'(Hopi snake dance) നടത്തിവരുന്നുണ്ട്. ഒൻപത് ദിവസം നീണ്ടു നിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളാണ് ഈ ചടങ്ങിനുള്ളത്.(നാഗാരാധന കേരളത്തിൽ ,ജയകുമാരിക്കുഞ്ഞമ്മ സി.എസ് , 2012 , പുറം 5)ബുദ്ധമതത്തിൽ നാഗത്തെ രക്ഷാപുരുഷനായാണ് സങ്കല്പിച്ചിരിക്കുന്നത്. ബുദ്ധൻ തപസ്സിൽ മുഴുകിയ സന്ദർഭത്തിൽ കൊടുങ്കാറ്റും മഴയും ഉണ്ടായെന്നും അപ്പോൾ മണ്ണിനടിയിൽ നിന്നും ഉയർന്നു വന്ന 'മൂകാലിൻഡ' എന്ന നാഗം പത്തിവിടർത്തി കുടയായി പിടിച്ച് ബുദ്ധനെ രക്ഷിച്ചുവെന്നതുമാണ് ഈ സങ്കല്പത്തിനടിസ്ഥാനം.

## 1.1 നാഗാരാധന ഭാരതത്തിൽ

അത്ഭുതസിദ്ധികളുള്ള ജീവികളാണ് നാഗങ്ങൾ എന്നാണ് ഹൈന്ദവസങ്കല്പം. ഇന്ത്യയുടെ സംസ്കാരികചരിത്രത്തിലേക്ക് തിരഞ്ഞു നോക്കുമ്പോൾ നാഗാരാധനയ്ക്ക് വളരെയധികം പ്രസക്തിയുള്ളതായിക്കാണാം. ഹൈന്ദവപുരാണത്തിൽ നിരവധി നാഗകഥകളുണ്ട്. കശ്യപ പ്രജാപതിയുടെ പുത്രിയായ സുരസ നാഗങ്ങൾക്ക് ജൻമം നൽകിയതിനെക്കുറിച്ച് പുരാണങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. ഭാരതത്തിൽ നിരവധി നാഗക്ഷേത്രങ്ങളുണ്ട്.കാശിയിലെ മഹേശ്വരപ്രതിഷ്ഠ,കാശ്മീരിലെ ആനന്ത്നാഗ്, ഹിമാലയത്തിലെ ബേരീനാഗ് , രാജസ്ഥാനിലെ ബായുന്നാഗക്ഷേത്രം, നാഗാലാൻഡിലെ ജാലാംയോങ്, പ്രയാഗയിലെ നാഗവാസുകിക്ഷേത്രം , രാജസ്ഥാനിലെ നാഗവാസുകിക്ഷേത്രം, രാജസ്ഥാ

നിലെ നൗഗൗർ, കുംഭകോണം നാഗനാഥക്ഷേത്രം, ബിലാസ്പ്പൂർ നാഗക്ഷേത്രം, കർണാടകയിലെ ധർമസ്ഥലയ്ക്കടുത്തുള്ള കക്കി ശ്രീസുബ്രഹ്മണ്യക്ഷേത്രം , ആന്ധ്രയിലെ കാളഹസ്തി എന്നിവയാണ് ഭാരത്തിലെ പ്രധാന നാഗക്ഷേത്രങ്ങൾ .(നാഗാരാധനയും തിരിയുഴിച്ചിലും ,ജയകൃഷൻ എൻ., 2015 , പുറം 22)

ബി.സി. ആറാം നൂറ്റാണ്ടിൽ 'തക്ഷകർ ' എന്ന ജനവിഭാഗമാണ് നാഗാരാധന ഭാരതത്തിൻ പ്രചരിപ്പിച്ചത്. ഇവർ വടക്കേഇന്ത്യയിൽ അധിവസിച്ചിരുന്നതായും വിവരണങ്ങളുണ്ട്. (നാഗാരാധനയും തിരിയുഴിച്ചിലും എൻ. ജയകൃഷ്ണൻ 2015 പുറം 25 )ഇവർ നാഗരാധനക്കാരായിരുന്നതിനാൽ പിൽക്കാലത്ത് 'നാഗന്മാർ' എന്ന പേര് ഇവർക്ക് ലഭിച്ചു.നാഗാലാൻഡ് ,മണിപ്പൂർ , ആസാം ,അരുണാചൽ പ്രദേശ് തുടങ്ങിയ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അധിവസിക്കുന്ന ഒരു കൂട്ടം ഗോത്രവിഭാഗങ്ങളെ പൊതുവേ വിളിക്കുന്ന പേരാണ് 'നാഗന്മാർ'(നാഗാരാധനയുംതിരിയുഴിച്ചിലും , ജയകൃഷ്ണൻ എൻ. , 2015, പുറം 25)ഉത്തരഭാരതത്തിൽ നാഗപഞ്ചമി ദിവസമാണ് നാഗാരാധന നടത്തുന്നത്.വടക്കേഇന്ത്യയിൽ 'നാഗവാസം' എന്ന പേരിൽ നിരവധി ആരാധനാസ്ഥലങ്ങളുണ്ട്. ബിലാസ്പൂരിലെ നാഗക്ഷേത്രം വളരെ പ്രസിദ്ധമാണ്.

## 1.2 നാഗാരാധന കേരളത്തിൽ

കേരളത്തിലെ നാഗാരാധനയുടെ ആരംഭം വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ ലഭ്യമല്ല. കേരളോത്പത്തിയുടെ കാലം തൊട്ടേ നാഗാരാധനയും ഉണ്ടായിരുന്നതായി മനസ്സിലാക്കാം.കേരളത്തിൻറെ ചരിത്രവും സംസ്കാരവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒന്നാണ് നാഗാരാധന .ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാഗാരാധനയ്ക്ക് കൂടുതൽ പ്രാധാന്യമുള്ളയിടമാണ് കേരളം. സർപ്പങ്ങൾക്ക് ദൈവികപരിവേഷം നൽകി അവരെ ആരാധിക്കുന്ന സമ്പ്രദായമാണ് കേരളത്തിലുള്ളത്. കേരളീയർക്കിടയിലുണ്ടായിരുന്ന സവർണ്ണാവർണ്ണഭേദം സർപ്പാരാധനയെ ബാധിച്ചിരുന്നില്ല.കേരളം എന്ന വാക്ക് 'ചേരളം' എന്നതിൽ നിന്ന് ഉടലെടുത്തതാണെന്നും അത് 'നാഗത്തിൻറെ അളം ' എന്ന അർത്ഥത്തിലാണെന്നും ഏതാനും പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. 'ചേരം' (കേരളം) എന്ന വാക്ക് നാഗത്തിന്റെ തത്സമമാണെന്നാണ് വി.വി.കെ.വാലത്തിന്റെ അഭിപ്രായം.(കേരളത്തിലെ സ്ഥല ചരിത്രങ്ങൾ, ഗോപാലകൃഷ്ണൻ . പി.കെ , 1992 , പുറം 195) പ്രാചീനകാലം മുതൽ കേരളത്തിൽ നാഗാരാധന നിലനിന്നിരുന്നുവെങ്കിലും വിപുലവും ചിട്ടപ്പെടുത്തിയതുമായ ഒരു ആരാധനാസമ്പ്രദായം ആര്യന്മാരുടെ ആഗമനത്തോട് കൂടിയാണ്

ഉടലെടുക്കുന്നത്.ഇന്ത്യയിൽ മിക്ക സംസ്ഥാനങ്ങളിലും നാഗാരാധന നിലനിന്നു പോരുന്നുണ്ടെങ്കിലും കേരളത്തിൽ മാത്രമാണ് സർപ്പക്കാവെന്ന സങ്കല്പമുള്ളത്. കേരളോത്പത്തിയിലെ പരശുരാമ കഥയും നാഗാരാധനയും തമ്മിൽ ബന്ധപ്പെടു ത്തികൊണ്ടുള്ള ഐതിഹ്യങ്ങൾ കേരളത്തിലെ സാധാരണ ജനങ്ങൾക്കിടയിൽ ഇന്നും പ്രചരിക്കുന്നുണ്ട്. സർപ്പഭീതി നിമിത്തം കേരളത്തിൽ നിന്ന് പലായനം ചെയ്ത ബ്രാഹ്മണരെ പരശുരാമൻ തന്നെ തിരികെ കൊണ്ടുവന്ന് അധിവസിപ്പിച്ച തിനെക്കുറിച്ച് ഐതീഹ്യങ്ങളിൽ പറയുന്നുണ്ട്.(നാഗാരാധന കേരളത്തിൽ, ജയകു മാരിക്കുഞ്ഞമ്മ .സി .എ സ് , 2012 , പുറം15)

## 1.3 നാഗാരാധനയും സർപ്പക്കാവുകളും

സർപ്പക്കാവുകൾ എന്നാൽ സർപ്പങ്ങളുടെ ആലയം എന്നാണ്. 'കാക്കുക' എന്നർത്ഥമുള്ള ദ്രാവിഡ പദത്തിൽനിന്നാണ് കാവ് എന്ന പദം ഉണ്ടായത്.കാവ് എന്ന പദത്തിന് ചെറുകാട് ,വൃക്ഷങ്ങളും ചെടികളും തിങ്ങിവളരുന്ന സ്ഥലം എന്നൊക്കെ അർത്ഥമുണ്ട്. കാവുകൾ ഏതു കാലത്ത് എങ്ങനെ ഉത്ഭവിച്ചു എന്നു ശരിയായി പറയാൻ രേഖകൾ ഒന്നുമില്ല. കാവുകൾ ഉടലെടുത്തത് ബുദ്ധമത പ്രഭാവ കാലത്താണ് എന്നൊരു അഭിപ്രായമുണ്ട്.പഴയകാലങ്ങളിൽ കേരളത്തിലെ ഓരോ ഹിന്ദുകുടുംബത്തിലും ഓരോ സർപ്പക്കാവുണ്ടായിരുന്നു. ആ കാവുകൾ കുടുംബ ങ്ങളുടെ ഐശ്വര്യമായിരുന്നു. വീട്ടുവളപ്പിലെ ഒരു കോണിൽ ഇതിനായി പ്രത്യേകം സഥലം നീക്കിവയ്ക്കുകയായിരുന്നു പതിവ്.മരങ്ങളും വള്ളിപ്പാർപ്പുകളും നിറഞ്ഞ ഈ ഭാഗം അരമതിൽ കെട്ടി സംരക്ഷിക്കപ്പെട്ടിരുന്നു.ഉത്തരകേരളത്തിലെ സർപ്പക്കാ വുകളിൽ സർപ്പപൂജ മാത്രമായും തെയ്യാരാധയോടു കൂടിയും രണ്ടു രീതിയിൽ ആരാധനയുണ്ട്. നാഗകാളി, നാഗകന്നി, നാഗരാജൻ എന്നിവയാണ് നാഗക്കാവിലെ പ്രധാന തെയ്യങ്ങൾ.സർപ്പങ്ങൾ മരത്തിലും ജലത്തിലും മണ്ണിലും അധിവസിക്കുണ്ട്. കാവുകളുടെ അനുബന്ധമായി കുളങ്ങൾ കാണാറുണ്ട്. സർപ്പക്കാവുകളുടെ മധ്യ ഭാഗത്തു കാണുന്ന ഈ കുളങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർ ത്തുന്നു.കൂട്ടുകുടുംബവ്യവസ്ഥിതി നിലനിലനിന്നിരുന്ന കാലത്ത് ഓരോ വീടുക ളിലും സർപ്പക്കാവുകളുണ്ടായിരുന്നു. എന്നാൽ കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണുകുടുംബങ്ങളായത് സർപ്പക്കാവുകളിൽ പലതും അന്യം നിന്ന് പോകാൻ കാര ണമായി

## 1.4 കേരളത്തിലെ പ്രധാന നാഗക്ഷേത്രങ്ങൾ

നാഗങ്ങളെ കുടിയിരുത്തി ആരാധിക്കുന്ന നിരവധി ക്ഷേത്രങ്ങൾ കേരളത്തിലുണ്ട്. മണ്ണാറശാല,അനന്തൻകാട് നാഗരാജക്ഷേത്രം , ക്ഷേത്രം ,പാമ്പുമ്മേക്കാട്ട് മന, വെട്ടിക്കോട് ക്ഷേത്രം, അത്തിപ്പൊറ്റനാഗകന്യാക്ഷേത്രം ,തൃപ്പാറശിവക്ഷേത്രം ,പാമ്പാടി ശ്രീപാമ്പും കാവ്, കയ്യത്തുനാഗം,പെരളശ്ശേരിശ്രീസുബ്രഹ്മണ്യക്ഷേത്രം,ശ്രീമദനന്തേശ്വരക്ഷേത്രം,ആർത്തിക്കാവ്നാഗരാജക്ഷേത്രം,തൃപ്പാറശിവക്ഷേത്രം,,നെല്യാടിശ്രീനാഗകാളീക്ഷേത്രം, ശ്രീമണിയകോട്ടപ്പക്ഷേത്രം,വള്ളിയൂർക്കാവ് ക്ഷേത്രം, കരണക്കാവ് ഭഗവതി ക്ഷേത്രം, നെല്യാടിശ്രീനാഗകാളീക്ഷേത്രം, ഹരിഹരകുന്നത്തു ശിവക്ഷേത്രം, വേളയേർവട്ടം മഹാദേവക്ഷേതം,പുണ്ഡരീകപുരം ക്ഷേത്രം, പുതുക്കുളംശ്രീനാഗരാജ ക്ഷേത്രം, നാഗംകുളങ്ങര ശിവക്ഷേത്രം, നാഗനാട് ഭുവനേശ്വരിക്ഷേത്രം, കേരളത്തിലെ നാഗാരാധനയ്ക്ക് പേരുകേട്ട ക്ഷേത്രങ്ങളാണ്.

### 1.4.1 മണ്ണാറശാല

കേരളത്തിലെ നാഗക്ഷേത്രങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമാണ് മണ്ണാറശാലക്ഷേത്രം. നാഗത്താന്മാരുടെ സങ്കേതമായി അറിയപ്പെടുന്ന ഈ ക്ഷേത്രം പരശുരാമൻ സ്ഥാപിച്ചതായാണ് വിശ്വസിക്കപ്പടുന്നത്. മണ്ണാറശാല ഇല്ലത്ത് മക്കളില്ലാത്ത വിഷമിച്ചിരുന്ന വാസുദേവനും ശ്രീദേവി അന്തർജ്ജനത്തിനും മകനായി നാഗരാജാവായ അനന്തൻ അവതരിച്ചു എന്നാണ് വിശ്വാസം. രണ്ടു പ്രധാന ശ്രീകോവിലുകളാണിവിടെയുള്ളത്. കിഴക്കോട്ടു ദർശനമായ ഇവിടുത്തെ ശ്രീകോവിലിൽ നാഗരാജാവും സർപ്പയക്ഷിയുമാണ് പ്രധാന പ്രതിഷ്ഠകൾ .സന്താനങ്ങളില്ലാതെ ദു:ഖിച്ചിരിക്കുന്ന വാസുദേവനും ശ്രീദേവിയും പുജാദി കർമ്മങ്ങൾ കഴിഞ്ഞു വന്ന സമയത്താണ് പ്രദേശം കാട്ടുതീയിൽ എരിഞ്ഞമർന്നത്.കാട്ടുതീയിൽപ്പെട്ട് ദയനീയാവസ്ഥയിൽ കിടന്ന നാഗങ്ങൾക്ക് ദമ്പതികൾ അഭിഷേകാദികർമ്മങ്ങൾ ചെയ്ത് ആശ്വാസം നൽകി. ഇതിൽ സന്തുഷ്ടനായ നാഗരാജാവ് അവരുടെ മുന്നിൽ പ്രത്യക്ഷനാവുകയും താൻ തന്നെ അവരുടെ മകനായി ജനക്കും എന്ന് അറിയിക്കുകയും ചെയ്തു. താമസിയാതെ ആ അന്തർജ്ജനം പഞ്ചമുഖമായ ഒരു നാഗശിശുവിനും ഒരു മനുഷ്യശിശുവിനും ജന്മം നൽകി. ഇതിലെ മനുഷ്യശിശു ഗൃഹസ്ഥാനം സ്വീകരിക്കുകയും നാഗശിശുവായ അനന്തൻ ക്ഷേത്രത്തോടു ചേർന്നുള്ള നിലവറയിൽ കുടികൊള്ളുകയും ചെയ്തു എന്നാണ് വിശ്വാസം.(നാഗാരാധന കേരളത്തിൽ, ജയകുമാരിക്കുഞ്ഞമ്മ സി.എസ്. ,2012 , പുറം 97)

### 1.4.2 അനന്തൻകാട് നാഗരാജക്ഷേത്രം

കേരളത്തിൽ നാഗാരാധനക്കുള്ള പ്രാധാന്യം അനന്തശയനസങ്കല്പത്തിൽ നിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. അനന്തപത്മനാഭന്റെ ആരാധനാസ്ഥാനമായ ശ്രീപ ത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്താണ് അനന്തൻകാട് നാഗ രാജക്ഷേത്രം സ്ഥിതി ചെയ്യുന്നത്.നാഗയക്ഷി ,നാഗകന്യക എന്നീ ഉപദേവത മാരെയും ഇവിടെ ആരാധിക്കുന്നുണ്ട്. മംഗല്യദോഷീ, സന്താനദോഷം, ചർമ്മരോഗം, എന്നിവയ്ക്ക് പ്രതിവിധി തേടി ധാരാളം ആളുകൾ ഇവിടെ എത്താറുണ്ട്. ക്ഷേത്ര ത്തിലെ കളമെഴുത്തും സർപ്പപാട്ടും പ്രധാനമാണ്.

### 1.4.3 പാമ്പുമ്മേക്കാട്ട് മന

കേരളത്തിലെ വളരെ പ്രസിദ്ധമായ ഒരു നാഗക്ഷേത്രമാണ് തൃശൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന പാമ്പുമ്മേക്കാട്ട് മന .ഏതു തരത്തിലുള്ള സർപ്പദോഷവും മാറ്റുന്ന ഇടം എന്നാണ് ഈ മനയെ വിശേഷിപ്പിച്ചുവരുന്നത് . ഇവിടെ വൃശ്ചികം ഒന്ന് വിശേഷദിവസമായി ആചരിക്കുന്നു. പുള്ളുവൻ പാട്ടും സർപ്പപാട്ടീ ഇവിടെ നട ത്തിവരാറുണ്ട്.അഞ്ച് സർപ്പക്കാവുകൾ ഇവിടെ കാണാം. മറ്റ് ക്ഷേത്ര ങ്ങളെയപേക്ഷിച്ച് ഇവിടത്തെ പ്രതിഷ്ഠകൾക്ക് വലിപ്പം അല്പം കൂടുതലാണ്. കെടാ വിളക്കിലെ എണ്ണ, മഞ്ഞൾപ്പൊടി, പായസം, പൂവ് എന്നിവയാണ് ഇവിടത്തെ പ്രസാദം.

### 1.4.4 വെട്ടിക്കോട്ക്ഷേത്രം

കേരളത്തിൽ നാഗാരാധനയ്ക്ക് ആരംഭം കുറിച്ച ക്ഷേത്രമാണ് കൊല്ലംജില്ല യിലെ വെട്ടിക്കോട് ആദിമൂലംനാഗരാജക്ഷേത്രം. പരശുരാമൻ തന്നെയാണ് ഇവി ടത്തെയും നാഗപ്രതിഷ്ഠ നടത്തിയതെന്നാണ് വിശ്വാസം. മഴു കൊണ്ട് മണ്ണ് വെട്ടി ക്കൂട്ടി അതിനു മുകളിലാണ് അദ്ദേഹം നാഗത്തെ പ്രതിഷ്ഠിച്ചത്. ഇപ്രകാരം . 'വെട്ടി ക്കൂട്ടിയുണ്ടാക്കിയ ഇടം' എന്ന അർത്ഥത്തിലാണ് വെട്ടിക്കോട്ക്ഷേത്രം എന്ന് പേരു വന്നതെന്ന് കരുതപ്പെടുന്നു.കന്നിമാസത്തിലെ ആയില്യം നാളാണ് ഇവിടുത്തെ ഏറ്റ വും വിശേഷദിവസം. അനന്തന്റെ പ്രതിഷ്ഠയുള്ള അപൂർവ്വക്ഷേത്രം കൂടിയാണ്.

### 1.4.5 അത്തിപ്പൊറ്റ നാഗകന്യാക്ഷേത്രം

മണ്ണാർക്കാട് കരിങ്കല്ലാണിക്കടുത്തുള്ള ക്ഷേത്രമാണ് അത്തിപ്പൊറ്റ നാഗക ന്യാക്ഷേത്രം . നാഗരാധനയക്ക് പുറമേ തൊലിയിൽ ഉണ്ടാകുന്ന ചൊറിച്ചിൽ, പാണ്ട് എന്നിവയുടെ ചികിത്സയ്ക്കും പേരു കേട്ട ഇടമാണ് ഈ ക്ഷേത്രം.ഇവിടുത്തെ

പ്രസാദമായ മഷി ത്വക്ക് രോഗങ്ങൾക്കുള്ള ഉത്തമ ഔഷധമാണെന്ന് വിശ്വസി ക്കപ്പെടുന്നു.

### 1.4.6 തൃപ്പാറ ശിവക്ഷേത്രം

കൊല്ലംജില്ലയിൽ അച്ചൻകോവിലാറിന്റെ തീരത്തുള്ള തൃപ്പാറശിവക്ഷേത്രം നാഗാരാധനക്ക് പേരുകേട്ട സ്ഥലമാണ്. ശിവന്റെയും നാഗങ്ങളുടെയും കാള യുടെയും ബിംബങ്ങൾ ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട് .കന്നിമാസത്തിലെ ആയില്യ ത്തിൽ ഇവിടെ സർപ്പപ്പാട്ട് നടത്താറുണ്ട്.

### 1.4.7 പാമ്പാടി ശ്രീപാമ്പും കാവ്

കേരളത്തിലെ പ്രധാനപ്പെട്ട മറ്റൊരു നാഗാരാധനാകേന്ദ്രമാണ് തൃശൂർ ജില്ല യിലെ പാമ്പാടി ശ്രീപാമ്പും കാവ്. ഹൈന്ദവപുരാണങ്ങളിൽ പുണ്യഭൂമി എന്ന് വിശേഷിപ്പിക്കപ്പെടുന്ന തിരുവില്വാമലയിലാണ് ഈ ക്ഷേത്രം.ബിംബപ്രതിഷ്ഠകളി ല്ലാതെ ശിവാകാരത്തിൽ സ്വയംഭൂവായ സർപ്പപ്പുറ്റുകളെയാണ് ഈ കാവിൽ ആരാ ധിച്ചു പോരുന്നത്.

### 1.4.8 പെരളശ്ശേരി ശ്രീസുബ്രഹ്മണ്യക്ഷേത്രം

കണ്ണൂർ ജില്ലയിലെ പ്രശസ്തമായ സർപ്പാരാധനാകേന്ദ്രമാണ് പെരളശ്ശേരി ശ്രീസുബ്രഹ്മണ്യക്ഷേത്രം. പെരളശ്ശേരിയിലെ സുബ്രമണ്യവിഗ്രഹം യൗവനയുക്തനും സർവ്വാഭരണ വിഭൂഷിതനുമായ ദേവസേനാപതിയുടേതാണ്.സുബ്രഹ്മണ്യൻ, ഗണപ തി ,അയ്യപ്പൻ, ഭഗവതി ,നാഗം എന്നിവരാണ് ഇവിടത്തെ പ്രധാന പ്രതിഷ്ഠകൾ. ഇവിടത്തെ പ്രധാന വഴിപാട് കോഴിമുട്ട നടയ്ക്ക് വയ്ക്കലാണ്.

### 1.4.9കരിപ്പാൽനാഗം

കേരളത്തിലെ പ്രധാനപ്പെട്ട മറ്റൊരു നാഗാരാധനാകേന്ദ്രമാണ് കണ്ണൂർ ജില്ല യിലെ കരിപ്പാൽനാഗം. ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് വലിയ കാവുണ്ട്. കാവിനുള്ളിലെ കല്ലുകൊണ്ട് കെട്ടിയുയർത്തിയ നാഗമണ്ഡപത്തിലാണ് പ്രതിഷ്ഠ. വർഷത്തിൽ നാലു ദിവസം മാത്രമാണ് ഇവിടെ പൂജകൾ നടക്കാറുള്ളൂ.

### 1.4.10 അർത്തിക്കാവ് നാഗരാജക്ഷേത്രം

കേരളത്തിലെ പ്രധാനപ്പെട്ട മറ്റൊരു നാഗാരാധനാകേന്ദ്രമാണ് ആലപ്പുഴ ജില്ലയിലെഅർത്തിക്കാവ് നാഗരാജക്ഷേത്രം.മൂന്നര ഏക്കറോളം വരുന്ന കാവിലാണ് ക്ഷേത്രം നിലകൊള്ളുന്നത്. കുംഭമാസത്തിലെ ആയില്യത്തിനാണ് ഇവിടെ പ്രാധാന്യം.

### 1.4.11 നെല്യാടി ശ്രീ നാഗകാളീക്ഷേത്രം

കോഴിക്കോട് ജില്ലയിൽ കീഴരിയൂർ ഗ്രാമത്തിലെ ഒരു പുണ്യ ക്ഷേത്രമാണ് നെയ്യാടിശ്രീ നാഗകാളീ ക്ഷേത്രം.പണ്ടുകാലങ്ങളിൽ ക്ഷേത്രത്തിൽ ആരാധന നട ത്തിയിരുന്നത് ബ്രാഹ്മണർ മാത്രമായിരുന്നു.നാഗകാളിയാണ് ശ്രീകോവിലിലെ പ്രതിഷ്ഠ . ക്ഷേത്രത്തോട് അനുബന്ധിച്ചുള്ള സർപ്പക്കാവിൽ നാഗരാജാവ് നാഗ കാളി,നാഗകന്യക എന്നീ പ്രതിഷ്ഠകളും ഒരു ചിത്രകൂടകല്ലും കാണാം..ഇവിടെ ആരാധന നടത്തിയാൽ ഉദ്ദിഷ്ടകാര്യം സഫലമാകുമെന്നാണ് ഭക്തരുടെ വിശ്വാസം .

### 1.4.12 ശ്രീമണിയങ്കോട്ടപ്പ ക്ഷേത്രം.

വയനാട് ജില്ലയിൽ മണിയങ്ങോട്ട് എന്ന സ്ഥലത്താണ് ഈ ക്ഷേത്രം. സ്ഥിതി ചെയ്യുന്നത് മഹാവിഷ്ണുവാണ് ഇവിടത്തെ പ്രധാന പ്രതിഷ്ഠ. ആയില്യം നാളിൽ ഇവിടെ പ്രത്യേക പൂജകളുണ്ടാകാറുണ്ട്.

### 1.4.13 വള്ളിയൂർക്കാവ് ക്ഷേത്രം

വയനാട്ടിലെ അതിപുരാതനമായ ആരാധനാലയങ്ങളിൽ കേൾവി കേട്ടതാണ് വള്ളിയൂർക്കാവ് ക്ഷേത്രം . ഇവിടത്തെ താഴെക്കാവിൽ അശോകത്തറയുണ്ട് . അതിന് താഴെയാണ് മണിപ്പുറ്റ് . അവിടെ നാഗം ഉണ്ടെന്നാണ് വിശ്വാസം . മുട്ട, അരി, മഞ്ഞപ്പൊടി എന്നിവ ഭക്തർ വഴിപാടായി ഈ അശോകത്തറയിൽ അർപ്പി ക്കാറുണ്ട് .

### 1.4.14 കരണക്കാവ് ഭഗവതി ക്ഷേത്രം

കേരളത്തിലെ പ്രധാനപ്പെട്ട മറ്റൊരു നാഗാരാധനാകേന്ദ്രമാണ് വയനാട് ജില്ല യിലെ കരണക്കാവ് ഭഗവതി ക്ഷേത്രം. സർപ്പ പ്രതിഷ്ഠകൾ ഇല്ലാതെ മല ദൈവ ങ്ങളും പാമ്പിൻപുറ്റുകളെയുമാണ് ഈ കാവിൽ ആരാധിച്ചു പോരുന്നത്. മകരം ഒന്നിനാണ് ഇവിടത്തെ ഉത്സവ

### 1.5 അഷ്ടനാഗങ്ങൾ

ഹിന്ദു ആചാര പ്രകാരം എട്ട് പ്രധാന നാഗങ്ങളെ ദൈവങ്ങളായി കണക്കാ ക്കപ്പെടുന്നു. ഇവ അഷ്ടനാഗങ്ങൾ എന്നറിയപ്പെടുന്നു. അനന്തൻ, വാസുകി, തക്ഷ കൻ, കാർക്കോടകൻ, ശംഖപാലകൻ, ഗുളികൻ, പത്മൻ, മഹാപത്മൻ എന്നിവയാണ് ഹിന്ദു ഐതിഹ്യ പ്രകാരമുള്ള പ്രധാന നാഗങ്ങൾ.വൈഷ്ണവ സമ്പ്രദായത്തിൽ അനന്തനെയും ശൈവ സമ്പ്രദായത്തിൽ വാസുകിയെ യുമാണ് സാധാരണ ക്ഷേത്രങ്ങളിൽ ആരാധിച്ചു വരുന്നത് .

### 1.5.1 അനന്തൻ

മഹാവിഷ്ണു ശയനം ചെയ്യുന്ന ആയിരം തലയുള്ള നാഗമാണിത്.ഭൂമിയെ താങ്ങിക്കൊണ്ടു പാതാളത്തിലും മഹാവിഷ്ണുവിന്റെ തല്പമായി പാലാഴിയിലും സ്ഥിതിചെയ്യുന്നതായി ഭാരതീയ പുരാണങ്ങളിൽ പരാമർശിക്കപ്പെടുന്ന സർ പ്പശ്രേഷ്ഠനാണ് അനന്തൻ. അഷ്ടനാഗങ്ങളിൽ അത്യുത്തമനായ അനന്തൻ കശ്യപ പ്രജാപതിക്കു കദ്രു എന്ന നാഗാംഗനയിൽ ജനിച്ച മൂത്തപുത്രനാണ്.കദ്രുവും സപ ത്നിയായ വിനതയും തമ്മിലുണ്ടായ ഒടുങ്ങാത്ത വൈരം അവരുടെ സന്താനങ്ങ ളിലേക്കും സംക്രമിച്ചപ്പോൾ അനന്തൻ നിഷ്പക്ഷത പാലിക്കുകയും വിനാശകരമായ കുടുംബകലഹത്തിൽ നിന്നൊഴിഞ്ഞ് ഗന്ധമാദനം, ബദര്യാശ്രമം മുതലായ പുണ്യ സ്ഥലങ്ങളിൽ പോയി തപസ്സു ചെയ്യുകയും ചെയ്തു. ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ട് പാതാളത്തിൽ ചെന്ന് ലോകങ്ങളെ ശിരസ്സിൻമേൽ താങ്ങിനിർത്താൻ അനന്തനെ നിയോഗിച്ചു. ആയിരം തലയുള്ള അനന്തൻ ഭൂമിയെ ഒരു തലയിൽനിന്ന് മറ്റൊരു തലയിലേക്ക് മാറ്റിവയ്ക്കുമ്പോഴാണ് ഭൂമികുലുക്കം ഉണ്ടാകുന്നതെന്ന് വിശ്വാസികൾ ഒരു കാലത്ത് കരുതിയിരുന്നു.

### 1.5.2 വാസുകി.

ദേവാരും അസുരാരും മന്ദരപർവ്വതം കൊണ്ട്പാലാഴി കടയാൻ ഉപയോഗിച്ച ത് വാസുകിയെയാണെന്ന് പറയപ്പെടുന്നു.പരമശിവന്റെ കഴുത്തിലെ ആഭരണമായി ട്ടാണ് വാസുകി കഴിയുന്നത്.നാഗങ്ങളുടെ രാജാവാണ് വാസുകി.ഐതിഹ്യമാലയി ൽ വാസുകിയെപ്പറ്റി പരാമർശിച്ചിട്ടിട്ടുണ്ട്.ഭാരതീയ പുരാണപ്രകാരം പാതാളത്തിൽ വസിക്കുന്ന നാഗദൈവങ്ങളുടെ രാജാക്കൻമാരിൽ ഒരാളായ വാസുകി കശ്യപമുനി യുടേയും കദ്രുവിന്റെയും പുത്രനാണ്

### 1.5.3 തക്ഷകൻ

കശ്യപന് കദ്രുവിൽ ജനിച്ച പുത്രൻമാരിലൊരാളാണ് തക്ഷകൻ. ഖാണ്ഡവ വനത്തിലായിരുന്നു തക്ഷകന്റെ താമസം. ഉഗ്രരൂപവും ഉഗ്രവിഷവുമുള്ള തക്ഷ കന്റെ നിറം ചുവപ്പാണ്. പത്തിയിൽ സ്വസ്തിക അടയാളവുമുണ്ട്. പരീക്ഷിത്തിന്റെ കഥയിലും ഖാണ്ഡവ ദഹനത്തിലും പ്രധാപങ്കുവഹിക്കുന്നൊരാളാണ് തക്ഷകൻ. അനന്തന്റെയും വാസുകിയുടെയും ഭ്രാതാവും ഇന്ദ്രതുല്യപ്രതിഭയുള്ളവനുമായ തക്ഷകൻ പരോപകാരിയും ധർമ്മിഷ്ഠനുമാണ്.

### 1.5.4 കാർക്കോടകൻ

നളചരിതത്തിലാണ് കാർക്കോടകനെപ്പറ്റി പറഞ്ഞിരിക്കുന്നത്. ഹിന്ദു ഐതിഹ്യ പ്രകാരം കദ്രുവും കാശ്യപനുമാണ് കാർക്കോടകന്റെ മാതാപിതാക്കൾ.നള ചരിതത്തിലാണ് കാർക്കോടകനെപ്പറ്റി പറഞ്ഞിരിക്കുന്നത്. ഒരു ഭീകര സർപ്പമാണിത്. ശ്രീപരമേശ്വരന്റെ ഹാരമാണ് കാർക്കോടകൻ. . കറുപ്പുനിറമാണ് കാർക്കോടകന്. നാരദമുനിയുടെ ശാപത്താൽ കാർക്കോടകന്റെ ചലനശേഷി നഷ്ടമാകുന്നു. ഇതു മൂലം താൻ അകപ്പെട്ട കാട്ടുതീയിൽ നിന്നും രക്ഷപ്പെടാനാകാതെ നിന്ന കാർക്കോടകനെ നളമഹാരാജാവ് രക്ഷിക്കുന്നു. എന്നാൽ നളനെ കാർക്കോടകൻ ദംശിക്കുന്നതായാണ് നളചരിതം കഥയിൽ സൂചിപ്പിക്കപ്പെടുന്നത്

### 1.5.6 ഗുളികൻ

ശിവാംശജാതനായ ഗുളികൻ ജീവജാലങ്ങളുടെ മരണസമയത്ത് ജീവനെ കൊണ്ട് പോകുന്ന ദേവനാണെന്ന് വിശ്വസിക്കപ്പെടുന്നു. പുറംകാലനെന്നും ഗുളികന് പേരുണ്ട്. കാലൻ, അന്തകൻ, യമൻ, കാലാന്തകൻ എന്നീ പേരുകളിലും ഗുളികൻ അറിയപ്പെടുന്നു.പരമശിവന്റെ ഇടതു തൃക്കാലിന്റെ പെരുവിരൽ പൊട്ടിപിളർന്നുണ്ടായ അനർത്ഥകാരിയും ക്ഷിപ്രപ്രസാദിയുമായ ദേവനാണ് ഗുളികൻ. തന്റെ ഭക്തനായ മാർക്കണ്ഡേയന്റെ രക്ഷാർത്ഥം മഹാദേവൻ കാലനെ തന്റെ മൂന്നാം തൃക്കണ്ണ് തുറന്നു ഭസ്മമാക്കി. കാലനില്ലാത്തത് കാരണം എങ്ങും മരണമില്ലാതെയായി. ഭാരം സഹിക്കവയ്യാതെ ഭൂമി ദേവീദേവന്മാരോടും അവർ മഹാദേവനോടും പരാതി പറഞ്ഞു. അതിനൊരു പരിഹാരമെന്നോണം പെരുവിരൽ ഭൂമിയിലമർത്തിയ മഹാദേവന്റെ ഇടതു തൃക്കാൽ പൊട്ടി അതിൽ നിന്നും ഗുളികൻ അവതരിച്ചു. ത്രിശൂലവും കാലപാശവും നൽകി ഗുളികനെ കാലന്റെ പ്രവൃത്തി ചെയ്യാൻ മഹാദേവൻ ഭൂമിയിലേക്കയച്ചു.ജനനം മുതൽ മരണം വരെ ചെറുതും വലുതും നല്ലതും ചീത്തയുമായ എല്ലാ കർമ്മങ്ങളിലും ഗുളികന്റെ സാന്നിധ്യം ഉണ്ടാകുമെന്ന് പറയപ്പെടുന്നു

### 1.5.7 പത്മൻ

ഭൂമിയുടെ വടക്കുപടിഞ്ഞാറെ ദിക്കിനെ താങ്ങുന്ന സർപ്പമാണ് പത്മൻ .അഷ്ടനാഗങ്ങളിൽ വാസുകിയുടെ വലതു ഭാഗത്തായിട്ടാണ് പത്മന്റെ സ്ഥാനം. ഒരു തല മാത്രമുള്ള ഉഗ്രരൂപമായ പത്മന് താമരയുടെ നിറമാണ്.

### 1.5.8 മഹാപത്മൻ

നാഗരാജാക്കന്മാരിൽ പ്രഥമസ്ഥാനമാണ് മഹാപത്മന്.വെളുത്ത നിറമുള്ള മഹാപത്മന്റെ പത്തിയിൽ ത്രിശൂലം അടയാളം കാണാം.

### 1.5.9 ശംഖപാലകൻ

അസാമാന്യ ശക്തി വിശേഷവും  അനേകം തലകളുമുള്ള ഒരു മഹാ സർപ്പ മാണ് ശംഖപാലൻ. ശംഖൻ എന്നും ഈ നാഗത്തെ വിളിച്ചു വരുന്നു. ശംഖപാലന്റെ നിറം മഞ്ഞയാണ്.

# അധ്യായം രണ്ട്

## ആമേടക്ഷേത്രത്തിന്റെ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും

## അധ്യായം രണ്ട്
## ആമേടക്ഷേത്രത്തിന്റെ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും

കേരളത്തിൽ പല രീതിയിലാണ് നാഗാരാധന കാണപ്പെടുന്നത്. പൂജാമുറി, വീട്ടുപറമ്പ്, കാവ്, ക്ഷേത്രം എന്നിവിടങ്ങളിലെല്ലാം നാഗാരാധന നടത്തുന്നുണ്ട്. എന്നാൽ കേരളത്തിലെ അതിപുരാതനവും അതേ സമയം തന്നെ സർപ്പാരാധന യുമായി ബന്ധപ്പെട്ട നിരവധി ആചാരാനുഷ്ഠാനങ്ങൾ നിലനിന്നുവരുന്നതുമായ ഒരു ക്ഷേത്രമാണ് ആമേട .നാഗരാജാവിനെ ഉപപ്രതിഷ്ഠയായി ആരാധിക്കുന്ന നാഗക്ഷേത്രങ്ങളിൽ ഒന്നാണിത്.

മധ്യകേരളത്തിലെ ഒഴിഞ്ഞു കിടക്കുന്ന കാവുകളിലെ സർപ്പങ്ങളെ ആവാ ഹിച്ചു കൊണ്ടുപോയി കുടിയിരുത്തുന്നത് ആമേടക്ഷേത്രത്തിലാണ്. തൃപ്പൂണി ത്തുറയിൽ നിന്നും തെക്കോട്ട് ,വൈക്കം റോഡിലൂടെ എട്ടു കിലോമീറ്റർ ചെന്നാൽ വളരെ പഴക്കമുള്ള നടക്കാവ് ഭഗവതിക്ഷേത്രം കാണാം അവിടെ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക് ഒരു കിലോമീറ്റർ ദൂരത്തിലാണ് ആമേട എന്ന ഗ്രാമം. തെങ്ങിൻ തോപ്പു കളും വയലുകളും നിറഞ്ഞ പ്രകൃതിരമണീയമായ ഒരു ഗ്രാമമാണിത്. അവിടെ പടി ഞ്ഞാറ് ഭാഗത്താണ് ആമേടക്ഷേത്രം . ഈ ക്ഷേത്രം സ്ഥാപിച്ചത് അവതാരപുരുഷ നായ പരശുരാമനാണെന്നാണ് വിശ്വാസം .

ഒരിക്കൽ പരശുരാമൻ യാത്രചെയ്ത് വേമ്പനാട്ടുകായലിന്റെ തീരത്തുള്ള ഇപ്പോഴത്തെ ആമേടക്ഷേത്രം.സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എത്തിച്ചേർന്നു.സൂര്യാ സ്തമയ സമയത്ത് സന്ധ്യാവന്ദനത്തിനായി ഇറങ്ങിയ പരശുരാമൻ കായലിൽ ഒരു ദിവ്യതേജസ്സ് കാണുവാൻ ഇടയായി. സപ്തമാതൃക്കൾ നാഗകന്യകയുമൊത്ത് ഒരു ആമയുടെ പുറത്തു കയറി യാത്ര ചെയ്തപ്പോൾ ഉണ്ടായ പ്രഭാപൂരമാണ് താൻ കണ്ടതെന്ന് അദ്ദേഹം ദിവ്യദൃഷ്ടികൊണ്ട് മനസ്സിലാക്കി.

പരശുരാമൻ ദിവ്യപ്രഭ വന്ദിക്കാനായി ചെന്നപ്പോൾ ജലം അദ്ദേഹത്തിന് വഴി മാറി കൊടുത്തു. പരശുരാമൻ മാതൃക്കളെയും നാഗകന്യകയെയും വന്ദിച്ചതോടെ തുടർന്ന് യാത്ര ചെയ്യാനാവാതെ ആമ അവിടെതന്നെ നിന്നു പോകുകയും. ആമ നിന്ന ഇടം ( സ്ഥലം) പിന്നീട് 'ആമേട' എന്ന് അറിയപ്പെടുകയും ചെയ്തുവെന്നാണ് കരുതപ്പെടുന്നത് . ഇതിനെ തുടർന്ന് പ്രദേശത്തിൻറെ മൂല സ്ഥാനത്ത് പരശുരാമൻ ആദ്യം ആമയെയും ശേഷം സപ്തമാതൃക്കളെയും പ്രതി ഷ്ഠിക്കുകയുണ്ടായി. അന്ന് പരശുരാമൻ കൊളുത്തിയ ഭദ്രദീപം കെടാവിളക്കായി ഇന്നും ഇവിടുത്തെ ശ്രീകോവിലിലുണ്ട്. ഇതിലെ എണ്ണയാണ് ആമേടക്ഷേത്ര

ത്തിലെത്തുന്ന ഭക്തർക്ക് സർവ്വരോഗങ്ങൾക്കും പ്രതിവിധിയായി നൽകുന്ന വിളക്കെണ്ണ.

ഒൻപത് പ്രതിഷ്ഠകളാണ് ഇവിടുത്തെ ശ്രീകോവിലിലുള്ളത്. പ്രധാന പ്രതിഷ്ഠയായ സപ്തമാതൃക്കളോഷം വീരഭദ്രനെയും ഗണപതിയെയും ഇവിടെ ആരാധിച്ചു വരുന്നു. സപ്തമാതൃക്കളെ കിഴക്കോട്ട് ദർശനമായി വൃത്താകൃതിയിലുള്ള പീഠത്തിൻമേലും പൂർവദിക്ക് ദർശനമായി തന്നെ വീരഭദ്രനെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഗണപതിയെ തെക്കോട്ട് ദർശനമായാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ശിവസങ്കല്പത്തിലുള്ളതാണ് ഇവിടത്തെ വീരഭദ്രപ്രതിഷ്ഠ. ശ്രീകോവിലിന് മൂന്ന് വാതിലുകളുണ്ടെങ്കിലും വിശേഷദിവസങ്ങൾ മാത്രമേ മൂന്ന് വാതിലുകളും ഒരുമിച്ച് തുറക്കുകയുള്ളൂ. സാധാരണഗതിയിൽ ഒരു നട അടച്ചിട്ട് മറ്റൊന്ന് തുറക്കുന്നതാണ് ഇവിടുത്തെ പതിവ്. മണ്ഡലം നാൽപത്തിയൊന്നാം ദിവസം ഗുരുതിക്കും മീനമാസത്തിലെ ഉത്രം നാളിൽ ആറാട്ടിന്റെ അന്ന് പന്തീരടി പൂജയ്ക്ക് രാവിലെ ഏഴു മുതൽ പന്ത്രണ്ട് വരെയുള്ള സമയ ങ്ങളിൽ മാത്രമേ മൂന്ന് നടയും ഒരുമിച്ച് തുറക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ ഭക്തർക്ക് എല്ലാ മൂർത്തികളെ കണ്ടു തൊഴാനുള്ള അവസരവുമുണ്ടാകും.(നാഗാരാധന കേരളത്തിൽ ,ജയക്കുമാരി കുഞ്ഞമ്മ സി .എസ്, 2012 , പുറം: 138)

## 2.1 ശക്തിസപ്തമാതൃക്കൾ

ആമേടക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠളാണ് ശ്രീ സപ്തമാതൃക്കൾ . ഹംസവാഹനത്തിൽ ജപമാലയും കമണ്ഡലവുമായി ബ്രഹ്മാവിൻറെ ദേവശക്തി സ്ത്രീരൂപത്തിൽ ബ്രാഹ്മണിയായും , ഭഗവാൻ വിഷ്ണുവിന്റെ സ്ത്രീ ശക്തിരൂപമായ വൈഷ്ണവിയായും കാളപ്പുറത്ത് സർപ്പമാല ധരിച്ച് ത്രിശൂല വേണി സാക്ഷാൽ പരമശിവന്റെ ദേവശക്തി സ്ത്രീരൂപത്തിൽ മഹേശ്വരിയായും , മയിൽ വാഹനത്തിൽ വേൽ ഏന്തി സുബ്രഹ്മണ്യന്റെ ദേവശക്തി സ്ത്രീരൂപത്തിൽ ഇന്ദ്രാണിയായും സംഹാരമൂർത്തിയായ സാക്ഷാൽ രുദ്രന്റെ ദേവശക്തി സ്ത്രീരൂപത്തിൽ ചാമുണ്ഡിയായും പരമേശ്വരിയുടെ സൈന്യാധിപതിയായ വാരാഹിയായും സുബ്രഹ്മണ്യന്റെ സ്ത്രീ ശക്തി സ്വരൂപമായ കൗമാരിയായും അവതരിച്ചവരാണ് ഇവിടുത്തെ ശക്തിസപ്തമാതൃക്കൾ.

### 2.1.1 ബ്രഹ്മാണി

ബ്രഹ്മാവിന്റെ സ്ത്രീ ശക്തി രൂപമാണിത് .നാല് തലകളും ആറു കൈകളുമുള്ള ബ്രഹ്മാണിയുടെ വാഹനം ഹംസമാണ് . ബ്രഹ്മാവിനെപോലെ കൈയിൽ ജപമാ

ലയുള്ള ബ്രഹ്മാണിയുടെ വാഹനം. അരയന്നമാണ്. വിശ്വാസികൾ ജ്ഞാനത്തിനായി ബ്രഹ്മാണിയെ ആരാധിക്കുന്നു.

### 2.1.2 വൈഷ്ണവി

ഹൈന്ദവപുരാണങ്ങളിൽ വിഷ്ണുഭഗവാന്റെ പത്നിയാണ് ഭഗവതി. താമരപ്പൂ അഭയവരദ മുദ്രകളോടുകൂടിയതും ശംഖ്ചക്രഗദാഖഡ്ഗങ്ങളും ശാർങ്ഗശരവും കൈയ്യിലേന്തിയ മഹാലക്ഷ്മിരൂപമാണ് വൈഷ്ണവിയുടേത്. വിഷജന്തുക്കളിൽ നിന്ന് മോചനം ലഭിക്കാനും സർവ്വൈഎശ്വര്യങ്ങൾക്കുമായി ഭക്തർ വൈഷ്ണവിയെ ആരാധിക്കുന്നു.

### 2.1.3 മഹേശ്വരി

മഹേശ്വരി കാളപ്പുറത്താണ് ഇവിടെ വാണരുളുന്നത്. മഹേശ്വരനെപ്പോലെ കണ്ഠത്തിലും കൈയിലും സർപ്പത്തെ അണിഞ്ഞിരിക്കുന്ന രൂപമാണ് മഹേശ്വരിയുടേത്. കൈയിൽ ത്രിശൂലവും കാണാം. സർവ്വമംഗളത്തിനായി വിശ്വാസികൾ മഹേശ്വരിയെ ആരാധിക്കുന്നു.

### 2.1.4 കൗമാരി

സുബ്രഹ്മണ്യന്റെ സ്ത്രീ ശക്തി സ്വരൂപമാണിത് .യുദ്ധദേവതയായിട്ടാണ് കൗമാരിയെ കണക്കാക്കുന്നത് .മയിലാണ് വാഹനം .പന്ത്രണ്ടു കൈകളും ആറു തലകളും വൃത്താകൃതിയിലുള്ള കിരീടത്തോടും കൂടിയതാണ് കൗമാരിയുടെ രൂപം. കൗമാരിയെ ആരാധിച്ചാൽ രക്തസംബന്ധമായ എല്ലാ രോഗങ്ങൾക്കുംആശ്വാസം ലഭിക്കുമെന്നാണ് വിശ്വാസം.

### 2.1.5 ചാമുണ്ഢി

സപ്തമാതാക്കളിൽ പ്രധാനിയാണ് ചാമുണ്ഢി. രൗദ്രഭാവമാണ് ചാമുണ്ഢിയുടെത്. ദേവീഭാഗവതം, ദേവീമാഹാത്മ്യം എന്നീ ഗ്രന്ഥങ്ങൾ പ്രകാരം ചണ്ഢൻ, മുണ്ഢൻ എന്നീ അസുരൻമാരെ നിഗ്രഹിക്കാൻ ചണ്ഢികാപരമേശ്വരിയുടെ പുരികക്കൊടിയിൽ നിന്നും അവതരിച്ച കാളിയാണ് ചാമുണ്ഢിയെന്ന് വിശ്വസിക്കപ്പെടുന്നു . സുംഭനിസുംഭ യുദ്ധവേളയിൽ ചണ്ഢികാപരമേശ്വരിക്ക് തുണയേകുവാനാണ് ഭദ്രകാളി ഇപ്രകാരം അവതരിച്ചതെന്ന് വിശ്വസിക്കുന്നു. ചണ്ഢികാദേവിയെ പിടിച്ചു കൊണ്ടു പോകുവാൻ സുംഭനിസുംഭൻമാർ ചണ്ഢമുണ്ഢമാരെഅയക്കുന്നു. ഇതുകണ്ട് കോപിഷ്ഠയായ ദേവിയുടെ വളഞ്ഞുയർന്ന പുരികക്കൊടിയിൽ നിന്നും ഉഗ്രരൂപിണിയായ കാളി പ്രത്യക്ഷപ്പെടുന്നു. ഈ കാളി

ചണ്ഡമുണ്ഡമാരെ വധിച്ചതിനാൽ ചാമുണ്ഡേശ്വരി അഥവാ ചാമുണ്ഡി എന്നറിയപ്പെട്ടു. പിന്നീട് ചാമു ണ്ഡി തന്നെ രക്തബീജനെയും സുംഭനിസുംഭന്മാരെയുംവധിക്കാൻ ചണ്ഡികാദേവിയെ സഹായിക്കുകയും ചെയ്യുകയും അതോടെ രക്തചാമുണ്ഡിയായിത്തീരുകയും ചെയ്തു. കർണാടകയിൽ ആരാധിക്കപ്പെടുന്ന കാളി ചാമുണ്ഡേശ്വരിയാണ്. മറ്റൊരു സാഹചര്യത്തിൽ ശ്രീപാർവതി ചാമുണ്ഡിയായി അവതരിച്ചിട്ടുണ്ട്. അത് രുരു എന്ന അസുരനെ നിഗ്രഹിക്കാൻ വേണ്ടിയായിരുന്നു. ശിവപത്നിയായ ശ്രീപാർവതിയെ ഭാര്യയാക്കാൻ രുരു ശ്രമിച്ചു. ഇതിൽ കോപിഷ്ഠയായ പാർവതി കാളീ രൂപം പൂണ്ടു. രുരുവിന്റെ ചർമ്മവും, മുണ്ഡവും (തല) ത്രിശൂലം കൊണ്ട് വേർപെടുത്തിയതിനു ശേഷം ഭഗവതി രുരുവിനെ നിഗ്രഹിച്ചു. രുരുവിന്റെ ചർമ്മവും, മുണ്ഡവും എടുത്ത ഭഗവതി അന്നുമുതൽ ചാമുണ്ഡിഎന്നറിയപ്പെട്ടു. തിരുമന്ധാംകുന്നിലെയും കൊടുങ്ങല്ലൂരിലെയും ഭഗവതി പ്രതിഷ്ഠ 'രുരുജിത്' വിധാനത്തിലുള്ളതാണ്.

### 2.1.6 വരാഹി

വരാഹിരൂപം ധരിച്ച പരാശക്തിയാണ് ആമേടക്ഷേത്രത്തിലെ സപ്തമാതൃക്കളിലൊന്നായ വാരാഹി. പരമേശ്വരിയുടെ സൈന്യാധിപയാണെന്നാണ് വരാഹിയെന്നാണ് സങ്കല്പം. സമ്പത്ത്, ഐശ്വര്യം, ആഗ്രഹസാഫല്യം, ശത്രുനാശം. എന്നിവയ്ക്കായാണ് വിശ്വാസികൾ വരാഹിയെ ആരാധിക്കുന്നത്

## 2.2 ആമേടയിലെ ഉപദേവതമാർ

പ്രധാന പ്രതിഷ്ഠയായ സപ്തമാതൃക്കൾക്ക് പുറമേ നിരവധി ഉപപ്രതിഷ്ഠകളും ഇവിടെ കാണാം നാഗരാജാവ്, നാഗയക്ഷി,ജലയക്ഷി, വെട്ടത്ത് വിഷ്ണു, ഭദ്രകാളി എന്നിവരാണ് ആമേടക്ഷേത്രത്തിലെ പ്രധാന ഉപദേവതമാർ .

### 2.2.1 നാഗരാജാവും നാഗയക്ഷിയും

ആമേടക്ഷേത്രത്തിൽ നാഗരാജാവിനും നാഗയക്ഷിക്കും പ്രത്യേകം സ്ഥാനം കൽപിച്ച് ആരാധന നടത്തുന്നു. ഇവിടുത്തെ നാഗരാജാവ് ശൈവ പ്രാധാനമായ പ്രതിഷ്ഠയും. നാഗയക്ഷി ശക്തി പ്രധാനവുമായ പ്രതിഷ്ഠയാണ് . ശ്രീകോവിലിന് പുറത്ത് മതിൽക്കെട്ടിനകത്തായി നാഗകന്യകയെ പ്രതിഷ്ഠിച്ചിരിക്കുന്നു.നാഗയക്ഷിയെ ശക്തി ദേവതയായി സങ്കൽപ്പിച്ച് പാലമരച്ചോട്ടിലും പ്രതിഷ്ഠിച്ചിട്ടുണ്ട്.നാഗയക്ഷിയുടെ ഇടതുവശത്ത് നാഗരാജാവിനും സ്ഥാനം വേണമെന്നതിനാൽ വാസുകിയെ ആൽമരച്ചോട്ടിലും പ്രതിഷ്ഠിച്ചിരിക്കുന്നു.

### 2.2.2 ജലയക്ഷി

സപ്തമാതൃകളോടാപ്പം സഞ്ചരിച്ച ആമയാണ് ജലക്ഷിയായി ഇവിടെ ആരാധിക്കപ്പെടുന്നത്.സപ്തമാതൃക്കളൊടപ്പം സഞ്ചരിച്ച ജലയഷി ഇപ്പോഴും ഇവിടത്തെ വേമ്പനാട്ടുകായലിൽ ഉണ്ടെന്നാണ് ഭക്തരുടെ വിശ്വാസം. ഇവിടുത്തെ ക്ഷേത്രക്കുളത്തിലും ധാരാളം ആമകളെ കാണാൻ കഴിയും.

### 2.2.3 വെട്ടത്ത് വിഷ്ണു

ആമേടമംഗലം ഇല്ലക്കാരുടെ ആദ്യകാല പരദേവതയാണ് വെട്ടത്ത് വിഷ്ണുവെന്നും പിന്നീട് ക്ഷേത്രത്തിലെ ഉപദേവതാസ്ഥാനം നൽകി വെട്ടത്ത് വിഷ്ണുവിനെ ആരാധിക്കാനാരംഭിച്ചു മെന്നുമാണ് കരുതപ്പെടുന്നത്.

### 2.2.4 ഭദ്രകാളി

ആദിമകാലങ്ങളിൽ ദ്രാവിഡരുടെയും പിന്നീട് ശാക്തേയരുടെയും കാല ക്രമേണ ഹൈന്ദവരുടെയും ആരാധനാമൂർത്തിയായിത്തീർന്ന ഭഗവതിയാണ് കാളി. സൃഷ്ടിയുടെ അടിസ്ഥാനം സ്ത്രീയാണ് എന്ന കാഴ്ചപ്പാടിൽ നിന്നാണ് ശക്തിയുടെ പ്രതീകമായി കാളിയെ ആരാധിച്ചു തുടങ്ങിയത്. ആമേടക്ഷേത്രത്തിൽ കാളിയെ വിഷ്ണുക്ഷേത്രത്തിനോടനുബന്ധിച്ച് ശ്രീകോവിലിന്റെ പുറത്ത് തെക്ക് പടിഞ്ഞാറെ മൂലയിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്.

## 2.3 ആമേട മനയുടെ ചരിത്രം

ആമേടമംഗലം ഇല്ലക്കാർ ഏകദേശം അറുനൂറ് കൊല്ലങ്ങൾക്കു മുമ്പ് വെട്ടത്ത് നാട്ടിൽ നിന്നും ഇവിടെ എത്തിയവരാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇതിന് പിന്നിൽ ഒരു ചരിത്ര കഥയുണ്ട്. വെട്ടത്ത് നാട്ടിലെ ശുകപുരം ഗ്രാമത്തിൽ മംഗലം എന്ന സ്ഥലത്ത് ഒരു നമ്പൂതിരി കുടുംബമുണ്ടായിരുന്നു. ജ്യേഷ്ഠാനുജൻമാരായ രണ്ട് പേരുടെ കുടംബങ്ങളുണ് ഇല്ലത്ത് വസിച്ചിരുന്നത്. ഒരു ദിവസം ഇല്ലത്തെ ജ്യേഷ്ഠാനുജൻമാർ തമ്മിൽ കലഹിക്കുകയും ഇതിനെ തുടർന്ന് ജ്യേഷ്ഠന്റെ കുടുംബം ഇല്ലത്ത് നിന്നിറങ്ങിപ്പോരുകയും ചെയ്തു. അങ്ങനെ അവർ സഞ്ചരിച്ച് തൃപ്രങ്ങോട്ട് , തിരുനാവായ, ശുകപുരം, ഗുരുവായൂർ , വടക്കുംനാഥൻ, തൃപ്രയാർ കൊടുങ്ങല്ലൂർ,തൃപ്പൂണിത്തുറ വഴി ചോറ്റാനിക്കരയിൽ എത്തിച്ചേർന്നു.ചോറ്റാനിക്കരയിൽ ദർശനം നടത്തി അവിടെ താമസമാക്കി. ജ്യേഷ്ഠബ്രാഹ്മണന്റെ ബുദ്ധിമുട്ട് മനസ്സിലാക്കിയ ചോറ്റാനിക്കരക്ഷേത്ര ഊരാളനായ പള്ളിപ്പുറത്ത് മനക്കാർനമ്പൂതിരിക്ക് മനയിൽ താമസിക്കുവാൻ അനുവാദം നൽകി. ഇക്കാലത്ത് ഇവർ ആമേടക്ഷേത്രത്തിൽ ഭജന നടത്തിയിരുന്നു. ഭജന തീരുന്നതിന്റെ തലേന്നാൾ

ക്ഷേത്രത്തിൽ ഒരു കള്ളൻ കയറാൻ ശ്രമിച്ചു . തൽസമയം അടുത്തുള്ള ക്ഷേത്ര കൊട്ടാരത്തിൽ ഉറങ്ങിക്കിടന്ന നമ്പൂതിരി ക്ഷേത്രം മണി കേട്ടുണർന്ന് ക്ഷേത്രത്തിൽ ചെല്ലുകയും .അവിടെ രൗദ്രഭാവം പൂണ്ട ചാമുണ്ഡി ദേവി കയ്യിൽ വാളുമായി നിൽക്കുന്നത് കാണുകയും ചെയ്തു .വാളുമായി ചെന്ന് തസ്കരന്മാരെ ഓടിക്കുവാൻ ചാമുണ്ഡി അദ്ദേഹത്തിന് ആജ്ഞ കൊടുത്തു.നമ്പൂതിരി വാളുമായി കള്ളന്മാരെ ആക്രമിച്ച സമയത്ത് അദ്ദേഹത്തിൻറെ കൈക്ക് മുറിവേൽക്കുകയും സഹിക്കാനാകാത്ത വേദനയോടെ അദ്ദേഹം വാൾ കൊട്ടാരത്തിലെ കലവറയിൽകൊണ്ടുവെക്കുകയും ചെയ്തു .ഈ സംഭവം നടന്ന രാത്രിയിൽ ക്ഷേത്ര ഊരാളന്മാർക്ക് സ്വപ്നത്തിൽ ദേവിയുടെ ദർശനമുണ്ടായി ' നമ്പൂതിരിക്ക് കൈ കൊടുക്കണം ' പിറ്റേദിവസം അമ്പലക്കുളത്തിൽ കുളിക്കാൻ എത്തിയ ഊരാളന്മാർ തങ്ങൾക്കുണ്ടായ സ്വപ്നത്തെപ്പറ്റി വിവരിക്കുകയും അമ്പലത്തിന്റെ ഭരണം മംഗലം നമ്പൂതിരിക്ക് വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അന്നുമുതൽ ക്ഷേത്രപൂജാദികളും ക്ഷേത്രഭരണവും നമ്പൂതിരിക്ക് ലഭിച്ചു. തദ്വാരാ മംഗലം നമ്പൂതിരി ആമേട മംഗലം നമ്പൂതിരിയായി ക്ഷേത്രത്തിലെ കൊട്ടാരത്തിൽ താമസം തുടങ്ങി . ഈ നമ്പൂതിരിയുടെ പരമ്പരയിൽപ്പെട്ടവരാണ് ഇപ്പോഴത്തെ ആമേട മനക്കാർ . (അക്കാലത്ത് ആമേടക്ഷേത്രം ഭരിച്ചിരുന്നത് മാക്കോയി തെക്കേടത്ത് നമ്പൂതിരി,വടക്കേടത്ത് നമ്പൂതിരി, ചാത്തമംഗലം നമ്പൂതിരി എന്നിവരാണ്.) .(നാഗാരാധന കേരളത്തിൽ, ജയക്കുമാരി കുഞ്ഞമ്മ സി .എസ്, 2012 ,പുറം 139)

## 2.4 ആമേട ക്ഷേത്ര ഭരണം

ആമേട ക്ഷേത്രഭരണം നടത്തിവരുന്നത് ഇല്ലത്തിന് സമീപം വസിക്കുന്ന ആമേടമംഗലം ഇല്ലക്കാരാണ്. ഇന്ന് നാലു കുടുംബാംഗങ്ങളാണ് മംഗലം ഇല്ലത്തുള്ളത്. ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങൾക്കെല്ലാം കർമ്മികത്വം വഹിക്കുന്നത് മംഗലം ഇല്ലക്കാരാണ്. ആമേട മംഗലം കുടുംബത്തിലെ ഇപ്പോഴത്തെ കാരണവർ ശ്രീധരൻ നമ്പൂതിരിയാണ്. മണ്ണാറശാലക്ഷേത്രത്തിലേതു പോലെ സ്ത്രീകൾക്ക് ഇവിടെ പ്രത്യേകം അവകാശമൊന്നുമില്ലെങ്കിലും ഭക്തജനങ്ങൾ ഇവിടുത്തെ അമ്മമാരുടെയും അനുഗ്രഹം വാങ്ങാറുണ്ട്.

## 2.5 ആമേടക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

സന്താനലബ്ധി, ഇഷ്ടകാര്യസിദ്ധി, പക്ഷിപീഡ എന്നിങ്ങനെ നിരവധി ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ഭക്തർ ക്ഷേത്രത്തിലേക്ക് ധാരാളം വഴിപാടുകൾ സമർപ്പിക്കാറുണ്ട്.നാഗരാജാവ്, നാഗയക്ഷി, വൈഷ്ണവി, വീരഭദ്രൻ സപ്തമാതൃക്കൾ എന്നീ ദേവതകൾക്കാണ് പ്രധാനമായും വഴിപാടുകൾ നടത്തിവരുന്നത്. ആയില്യംഇടി,

കിണ്ടിഎറിയൽ , പൂവട്ടകമഴ്ത്തൽ , കാർത്തികപ്പായസം, നാഗംനീക്കൽ , മുറജപം, എന്നിവയാണ് ആമേടക്ഷേത്രത്തിലെ പ്രധാനവഴിപാടുകൾ.

### 2.5.1 ആയില്യം ഇടി

കന്നി ,വൃശ്ചികം, മീനം മാസങ്ങളിലെ ആയില്യം നാളിലാണ് ആയില്യം ഇടി നടത്തുന്നത് . ആമേട ഇല്ലത്തു കാരണവർ മര ഉരലിൽ കുതിർത്ത ഉണക്കലരി ചന്ദനമുട്ടി കൊണ്ട് ഇടിച്ച് ഹരിയയോഹര മന്ത്രത്താൽ തലയിലിടുന്നു. തുടർന്ന് ഇല്ലത്തെ അംഗങ്ങളെല്ലാം ഈ ചടങ്ങ് നിർവഹിക്കുന്നു. വ്രതാനുഷ്ഠാനങ്ങളോടെ ഭക്തജനങ്ങളും ഈ വഴിപാട് നടത്താറുണ്ട്. ഏഴു ദിവസത്തെ വ്രതശുദ്ധിയോടെ നൊയ്മ്പ്നോറ്റ് ഏഴാം ദിവസം വൈകുന്നേരം കമുകിൻപാള സഞ്ചി പോലെ ഉണ്ടാക്കി അതിൽ ഉണക്കലരിയും പച്ചമഞ്ഞളും ഇട്ട് ക്ഷേത്രത്തിലെത്തി തൊഴുത് പാളയിലെ പകുതി അരയും പച്ചമഞ്ഞളും മണ്ഡപത്തിൽ സമർപ്പിച്ച ശേഷം അരിയോടും പച്ച മഞ്ഞളോടും കൂടി ക്ഷേത്രോപാസന നടത്തി. അടുത്തദിവസം രാവിലെ ക്ഷേത്രക്കുളത്തിൽ കുളിച്ച് ഈറനോട് കൂടി ക്ഷേത്രത്തിന്റെ നാലമ്പത്തിൽ പ്രവേശിച്ച് ഹരിയോഹര എന്ന മന്ത്രത്തോടെ സോപാനത്തിലും ചുറ്റും പ്രതിഷ്ഠിച്ചിട്ടുള്ള ബലിക്കല്ലുകളിലും അരിയും പച്ചമഞ്ഞളും വിതറി കൈകൊണ്ട് ഇടിക്കുന്നതാണ് ആയില്യം ഇടി. ഇങ്ങനെ ഏഴ് പ്രദക്ഷിണം വച്ച് ഭക്തിയോടെ സപ്തമാതൃക്കളെ വന്ദിച്ച ശേഷം ഭക്തർ ഈ അരിയോടു കൂടി സ്വഗൃഹത്തിലേക്കു മടങ്ങുന്നു.അസുര നിഗ്രഹം കഴിഞ്ഞ് വിജയശ്രീലാളിതരായി എത്തുന്ന സപ്തമാതൃക്കളെ ഹരിയോഹര മന്ത്രത്താൻ അരിയിട്ട് ആദരിച്ചുവെന്നതാണ് ആയില്യം ഇടിയുടെ പിന്നിലുള്ള സങ്കല്പം. മണ്ണാറശാലയിൽശിവരാത്രിനാളിലും, പാമ്പുംമേയ്ക്കാട്ടുമനയിൽ സർപ്പംപാട്ടു നടത്തുമ്പോഴും ആയില്യം ഇടി നടത്താറുണ്ട്. മണ്ണാറശാലയിൽ ഈ ചടങ്ങിനെ 'നൂറിട്ടി ' എന്നും പാമ്പുംമേയ്കാട്ടുമനയിൽ 'പൊങ്ങൂറിടി'എന്നും പറയുന്നു.(നാഗാരാധനയും തിരിയുഴിച്ചിലും , ജയകൃഷ്ണൻ എൻ., 2015, പുറം 136 )

### 2.5.2 കിണ്ടി എറിയൽ

വേമ്പനാട്ടുകായലിനെ ദേവിയായി സങ്കൽപ്പിച്ച് നടത്തുന്നതാണ് കിണ്ടിയെറിയൽ എന്ന വഴിപാട്.ആമേടക്ഷേത്രത്തിൽ സന്താനലബ്ധിക്കു വേണ്ടിയാണിത് ഇത് നടത്തിവരുന്നത്. ദമ്പതിമാർ ഒരുമിച്ചാണ് ചടങ്ങ് നടത്തേണ്ടത്. നിർദിഷ്ടസ്ഥലത്ത് കായലിനു പിന്തിരിഞ്ഞു നിന്ന് കിഴക്കോട്ട് നോക്കി പിന്നിലേക്ക് കിണ്ടി ഏറിയുന്നതാണ് ഇതിലെ പ്രധാന അനുഷ്ഠാനം.

### 2.5.3 പൂവട്ടകമഴ്ത്തൽ

സന്താനലബ്ധിക്കുവേണ്ടിയുള്ള മറ്റൊരു ചടങ്ങാണ് പൂവട്ടകമഴ്ത്തൽ . ചെറിയ ഉരുളി പോലുള്ള ഒരു പാത്രത്തിൽ നാണയത്തുട്ടുകൾ ഇട്ട് ഭഗവതിയുടെ തിരുമുമ്പിൽ കമിഴ്ത്തുന്നു. സപ്തമാതൃക്കൾക്കാണ് പൂവട്ടകമഴ്ത്തൽനടത്തുന്നത്. കിണ്ടി എറിയൽ പോലെ തന്നെ സന്താനലബ്ധിക്കുവേണ്ടിയുള്ളഒരു വഴിപാടാണ് പൂവട്ടകമിഴ്ത്തലും.

### 2.5.4 കാർത്തികപ്പായസം

കാർത്തികനാളിൽ ദേവീപൂജയ്ക്കു നിവേദിക്കുന്നതാണ് കാർത്തികപ്പായസം.ദമ്പതിമാർ സന്താലബ്ധിക്കായി കാർത്തികനാളിൽ  ഈ വഴിപാടു നടത്തി ദേവിയുടെ അനുഗ്രഹം തേടുന്നു. നാലുനാഴി അരിയും രണ്ടു നാളികേരവുംരണ്ടുകിലോ ശർക്കരയും ചേർത്താണ് പായസം തയ്യാറാക്കുന്നത്.

### 2.5.5 നാഗം നീക്കൽ

സർപ്പദോഷം ഇല്ലാതാക്കുന്നതിനുള്ള ഒരു  വഴിപാടാണിത്. നടയ്ക്കൽ ഒരു നാണയവുംഅതിനു മുകളിൽ ഒരു സർപ്പ രൂപവും വച്ച് തൊഴുതു  പ്രാർത്ഥിക്കുന്നു. പൂർവ്വജൻമത്തിൽ സർപ്പങ്ങളോട് ചെയ്തിട്ടുള്ള അപരാധങ്ങൾ കൊണ്ടുണ്ടായ പാപദോഷങ്ങൾ ശരീരത്തിൽ നിന്നും ആത്മാവിൽ നിന്നും വേർപ്പെടുത്തി നടയ്ക്കൽ സമർപ്പിക്കുന്നതാണ് ഇതിൻറെ സങ്കല്പം. കന്നി ,വൃശ്ചികം, മീനം, മാസങ്ങളിലെ ആയില്യത്തിന് ആമേടയിൽ പ്രത്യേക പ്രാധാന്യമുണ്ട്. ക്ഷേത്രത്തിന്റെ ഐശ്വര്യത്തിനും ഭക്തജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി കേരളത്തിലെ  വിദഗ്ദ്ധരായ പണ്ഡിതന്മാർ ഇക്കാലങ്ങളിൽ ഇവിടെ താമസിച്ച് മുറജപം നടത്താറുണ്ട്. ഉപ്പും,മഞ്ഞളും, പുറ്റുംമുട്ടയും, സർപ്പ രൂപം, ആൾരൂപം ഇവയെല്ലാം ഭക്തർ വഴിപാടായി നടയിൽ സമർപ്പിക്കാറുണ്ട്. സർപ്പപ്രീതിക്കായി രാവിലെയും വൈകുന്നേരവും പുള്ളുവപ്പാട്ടും ഇവിടെ നടത്തിവരുന്നു. മഞ്ഞൾപ്പൊടിയാണ് ഇവിടുത്തെ പ്രധാന പ്രസാദം.  ഇവിടുത്തെ പ്രസാദവും എണ്ണയും ഔഷധമാണെന്നാണ് വിശ്വാസം. ഇതു സേവിക്കുന്നതും ത്വക്ക് രോഗമുള്ള ഭാഗത്ത് പുരട്ടുന്നതും ഉത്തമമായി കരുതപ്പെടുന്നു.പത്താമുദയം, നാഗപഞ്ചമി, കാർത്തിക എന്നിവ ഇവിടത്തെ വിശേഷദിവസങ്ങളാണ്.  വൈഷ്ണവി പ്രധാനമായി കർക്കടകമാസത്തിൽ പന്ത്രണ്ടു ദിവസത്തെ ഭഗവതിസേവയും ചാമുണ്ഡി പ്രധാനമായി മണ്ഡലക്കാലം മുഴുവനും ഗുരുതിയും ഉണ്ടാകാറുണ്ട്. ശത്രു സംഹാരത്തിനായുള്ളതാണ് ഗുരുതിപൂജ. (നാഗാരാധന കേരളത്തിൽ ജയക്കുമാരി കുഞ്ഞമ്മ സി .എസ്,   2012 , പുറം 143)

## 2.6 ആമേടക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ

ശാസ്ത്രവിധിപ്രകാരമോ പാരമ്പര്യമായുള്ള വിശ്വാസങ്ങളനുസരിച്ചോ ചെയ്തു വരുന്ന കർമ്മങ്ങളാണ് അനുഷ്ഠാനങ്ങൾ.ക്ഷേത്രോത്സവം ആയില്യംദർശനം, ഉത്സവബലി, പുള്ളുവൻ പാട്ട്, കിണ്ടി എറിയൽ, ആയില്യം ഇടി, അഷ്ടനാഗപൂജ എന്നിവയാണ് ആമേടക്ഷേത്രത്തിലെ പ്രധാന അനുഷ്ഠാനങ്ങൾ.

### 2.6.1 ഉത്സവബലി

ആമേടയിൽ മകം നക്ഷത്രത്തിലാണ് ഉത്സവബലി നടത്തുന്നത്.ക്ഷേത്ര നാലമ്പലത്തിനകത്തും പുറത്തുമുള്ള ബലിക്കല്ലുകളിലും, ദേവന്റെ പരിവാരങ്ങൾക്കും മറ്റു ഭൂതഗണങ്ങൾക്കും നിവേദ്യം അർപ്പിക്കുന്നതാണ് ഉത്സവബലി. തന്ത്രി, വാദ്യക്കാർ, എന്നിവർക്ക് വസ്ത്രവും ദക്ഷിണയും നൽകുന്നതാണ് ഉത്സവബലിയുടെ ആദ്യ ചടങ്ങ്. ബലി തൂകുന്നതിലുള്ള ചോറ് തൂശനിലയിൽ നിരത്തിവയ്ക്കും. തുടർന്ന് ഇത് മൂന്നായി പകുത്ത്, ഓരോന്നിലും ഉണക്കലരി, എള്ള്, മഞ്ഞൾ എന്നിവയുടെ പൊടിവിതറും. മൂന്നുനിറത്തിലുള്ള ബലിചോറ് സത്വരജിസ്തമോഗുണങ്ങളുടെ സൂചകങ്ങളാണ്. ഇതിന ശേഷമാണ് ബലിപൂജ. അതിനായി ആദ്യം ശംഖ്, ചേങ്ങില എന്ന വാദ്യങ്ങൾ ചേർന്നുള്ള മരപ്പാണികൊട്ടി ബലി ദേവതകളെ ഉണർത്തും.ക്ഷേത്രത്തിനുള്ളിലുള്ള അനന്തൻ, സപ്തമാതൃക്കൾ, ഗണപതി, വീരഭദ്രൻ എന്നീ ദേവതകൾക്കും അനുചരന്മാർക്കുമാണ് ആദ്യഘട്ടത്തിൽ ബലി നൽകുന്നത്. രണ്ടാമത്തെ പ്രദക്ഷിണത്തിൽ സമയത്ത് ശ്രീകോവിലിന്റെ തെക്കുള്ള സപ്ത മാതൃക്കൾക്ക് ബലി നൽകുന്നു. വളരെ സമയമെടുത്താണ് രണ്ടാമത്തെ ഈ ബലി സമർപ്പണം. ഈ സമയത്തുമാത്രമാണ് ഭക്തർക്ക് ദർശനം അനുവദിക്കാറുള്ളത്. കാണിക്ക അർപ്പിച്ച് ഉത്സവബലിപൂജ തൊഴുതാൽ അഷ്ട ഐശ്വര്യങ്ങൾ സിദ്ധിക്കുമെന്നാണ് വിശ്വാസം. ഇതിനുശേഷം മാത്രമാണ് നാലമ്പലത്തിന് പുറത്തുള്ള ബലിപീഠങ്ങളിൽ ബലിതൂകുന്നത്. ദേവനെ അകത്തേ ക്കെഴുന്നള്ളിച്ച് പൂജ നടത്തുന്നതോടെയാണ് ഉത്സവബലി പൂർണമാകുന്നത്. (നാഗാരാധന കേരളത്തിൽ , ജയക്കുമാരി കുഞ്ഞമ്മ .സി .എസ് , 2012 , പുറം 143)

### 2.6.2 പള്ളിവേട്ട

പൂരം നക്ഷത്രത്തിലാണ് ആമേടയിൽ പള്ളിവേട്ട നടക്കുന്നത്. ശ്രീകോവിലിൽ കു ടികൊള്ളുന്നദേവതമാരെ ക്ഷേത്രമതില്ക്കെട്ടില് നിന്നും പുറത്തേക്ക് എഴുന്നള്ളിക്കുന്നതാണിത്.

### 2.6.3 നൂറുംപാൽ

സർപ്പങ്ങൾക്ക് അർപ്പിക്കുന്ന ഒരു പ്രധാന നിവേദ്യമാണ് നൂറുംപാൽ . വർഷത്തിലൊരിക്കലെങ്കിലും നാഗങ്ങളെ ഊട്ടണമെന്നാണ് വിശ്വാസം. കേരളത്തിലെ എല്ലാ നാഗാരാധനാകേന്ദ്രങ്ങളിലും ഈ അനുഷ്ഠാനം കാണാം. നാഗ പ്രീതിക്കുവേണ്ടിയാണ് ഇത് നടത്തുന്നത്.നൂറും പാലും എന്നതിന് പകരം 'നീരും പാലും ''പാലും നീരും', 'ഇളനീരും പാലും' 'പാലും പൊടിയും' എന്നും പറയാറുണ്ട് (നാഗാരാധന കേരളത്തിൽ ,ജയകുമാരികുഞ്ഞമ്മ സി.എസ് , 2012, പുറം : 54 )

പുണ്യാഹശുദ്ധി വരുത്തിയതിനു ശേഷം എണ്ണ, പാൽ,കരിക്ക് എന്നിവ കൊണ്ട് ബിംബങ്ങളെ അഭിഷേകം ചെയ്യുന്നു. ഇതിനു ശേഷമാണ് ബിംബങ്ങളെ കമുകിൻ പൂവും പൂകുല മഞ്ഞൾപൊടി പൂമാലകൾ എന്നിവ കൊണ്ട് അലങ്കരിക്കുന്നത്. അലങ്കരിച്ചൊരുക്കിയ ബിംബങ്ങൾക്ക് മുൻപിൽ നാക്കില വെച്ച് കണ്ണിപ്ലാവില, ചെറുകുത്തുപാള , എന്നിവവ വച്ച് ഒരു ഉരുളിയിൽ പൊടിയും മഞ്ഞപ്പൊടി, പാൽ, കരിക്ക്,കദളിപ്പഴം, ഇവ ചേർത്ത് കലക്കി മന്ത്രപൂർവ്വം അർപ്പിക്കുന്ന ചടങ്ങാണ് നൂറും പാൽ . അവല് , മലര്, വെറ്റില അടയ്ക്ക, കരിക്ക് , അപ്പം, പാൽ, കദളി വ എന്നിവ നിവേദ്യങ്ങളായും ഇതോടൊപ്പം അർപ്പിക്കാറുണ്ട്.

### 2.6.4 സർപ്പബലി

സർപ്പദോഷങ്ങൾ മാറ്റി സർപ്പപ്രീതി വരുത്തുകയാണ് ഈ അനുഷ്ഠാനത്തിന്റെ ലക്ഷ്യം. സർപ്പ പ്രതിഷ്ഠ നടത്തിയതിനുശേഷം അന്നേദിവസം രാത്രിയിലാണ് സർപ്പബലി നടത്തുന്നത്. പഴയ തറവാടുകളിലും ക്ഷേത്രങ്ങളിലും സർപ്പബലി നടത്തുന്നതിന് പ്രത്യേകസ്ഥാനങ്ങളോ ഓലകൊണ്ട് കെട്ടി മറച്ച സർപ്പബലിപ്പുരയോ ഉണ്ടാകും.ബലിപ്പുരയുടെ വാതിൽ പടിഞ്ഞാറ് ഭാഗത്തായിരിക്കണമെന്ന് നിർബന്ധമുണ്ട്. ബലിപ്പുര അലങ്കരിച്ചതിനു ശേഷമാണ് കളം വരയ്ക്കുന്നത്. അരിപ്പൊടിയും മഞ്ഞൾപൊടിയും ആണ് കളം വരയ്ക്കാൻ പ്രധാനമായും ഉപയോഗിക്കുന്നത് .ചിലയിടങ്ങളിൽ പഞ്ചവർണ്ണപ്പൊടിയും ഉപയോഗിക്കാറുണ്ട്.കളമെഴുത്ത് പൂർത്തിയാക്കിയതിനു ശേഷം ഇതിന് മുൻപിലായി കദളിപ്പഴം , ശർക്കര, ഉണക്കലരി വറുത്തു പൊടിച്ചത് ,എള്ള് ,അവല് , മലര്,മധുരമുള്ള അപ്പം,പൂകുല, പച്ചപ്പാല് എന്നീ നിവേദ്യങ്ങൾ അർപിക്കും. ഇതോടെ ബലിക്കുള്ള ഒരുക്കങ്ങൾ പൂർണ്ണമാകുകയും ഇതിനു ശേഷം ഉടൻതന്നെ ബലിപ്പുര അടയ്ക്കുകയും ചെയ്യും. ബലിക്കളത്തിൽ ആരുടെയും ദർശനം പോലും പാതിയാൻ പാടില്ല എന്നാണ് വിശ്വാസം.സർപ്പങ്ങൾ വന്ന് ബലി സ്വീകരിക്കുമെന്നും അത് മറ്റുള്ളവർ ദർശിക്കരുതെന്നു മുള്ളതാണ് സർപ്പബലി എന്ന അനുഷ്ഠാനത്തിനു പിന്നിലെ വിശ്വാസം.

### 2.6.5 പുള്ളുവപ്പാട്ട്

നാഗാരാധനയുടെ അവിഭാജ്യമായൊരു ഘടകമാണ് പുള്ളുവപാട്ട് . പുള്ളുവരാണ് ഇത് നടത്തുന്നത്. തമിഴകത്തെ പ്രാചീനമായൊരു ദ്രാവിഡ വർഗ്ഗമാണ് പുള്ളുവർ എന്ന് ചരിത്രം പറയുന്നു.വീണയും താളവും കുടവും ആണ് പുള്ളുവപ്പാട്ടിലെ പ്രധാന സംഗീതാപകരണങ്ങൾ. ബ്രഹ്മാവ് കുടവും, വിഷ്ണു താളവും, ശിവൻ വീണയുമാണെന്നാണ് വിശ്വാസം.അതിനാൽ തന്നെ ത്രിമൂർത്തീ സാന്നിധ്യം ഇതിലുണ്ടെന്ന് കരുതപെടുന്നു.'പുള്ള് 'എന്നത് ഒരിനം പക്ഷിയാണ്.ഈ പക്ഷിയുടെ ദൃഷ്ടിയിൽ പ്പെട്ടാൽ പക്ഷിപീഡ ഉണ്ടാകുമെന്നാണ് വിശ്വാസം. (നാഗാരാധന കേരളത്തിൽ, ജയകുമാരിക്കുഞ്ഞമ്മ സി.എസ് , 2012 ,പുറം: 63) പുള്ളേറിൽ നിന്ന് ഗർഭിണികളെയും കുഞ്ഞുങ്ങളെയും രക്ഷിക്കാൻ നിയോഗിക്കപ്പെട്ടവരാണ് പുള്ളുവർ എന്നാണ് പഴമക്കാരുടെ വിശ്വാസം. ആമേടക്ഷേത്രത്തിൽ അവകാശ സ്ഥാനമുള്ള പുള്ളുവ കുടുംബക്കാരാണ് പാട്ട് നടത്തുന്നത്.സർപ്പദോഷങ്ങളും മറ്റു ദോഷങ്ങളും മാറി ഐശ്വര്യവും ആരോഗ്യവും ഉണ്ടാകുവാനായി ഭക്തർ പേരും നാളും വച്ച് പുള്ളുവരെക്കൊണ്ട് പാടിക്കാറുണ്ട്. പാട്ടുപാടി കഴിയുമ്പോൾ ഭക്തർ ഇവർക്ക് ദക്ഷിണയും നൽകാറുണ്ട്.

### 2.6.6 അഷ്ടനാഗപൂജ

അഷ്ടനാഗങ്ങളെ പ്രീതിപ്പെടുത്തിയാൻ യാതൊരു വിധത്തിലുള്ള ദോഷവുംസർപ്പഭയവും ഉണ്ടാവുകയില്ല എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആമേടക്ഷേത്രത്തിൽ നടന്നു വരുന്ന വളരെ വിശേഷപ്പെട്ട ഒരു പൂജയാണിത്. പത്മത്തിൽ കുടികൊള്ളുന്ന അഷ്ടനാഗങ്ങളെയാണ് ഇതിൽ പൂജിക്കന്നത്.

# ഉപസംഹാരം

## ഉപസംഹാരം

നാഗത്തെ ആരാധിക്കുന്ന സമ്പ്രദായമാണ് നാഗാരാധന. അതിപുരാതനകാലം മുതലേ കേരളത്തിൽ നാഗാരാധന നിലനിന്നിരുന്നു. തറവാടുകൾ, ക്ഷേത്രങ്ങൾ, കാവുകൾ എന്നിവിടങ്ങളിലെല്ലാം നാഗങ്ങളെ കുടിയിരുത്തി ആരാധിച്ചു വരുന്നു. നാഗാരാധനയുമായി ബന്ധപ്പെട്ട് പൊതുവായി ചില അനുഷ്ഠാനങ്ങളുണ്ടെങ്കിലും ഓരോ ദേശങ്ങളിലേയും പുരാവൃത്തങ്ങൾക്കനുസൃതമായി ചിലയിടങ്ങളിലെ അനുഷ്ഠാനങ്ങൾക്ക് വ്യത്യാസങ്ങളുള്ളതായും കാണാം.ഇത്തരത്തിൽ നാഗാരാധനയുമായി ബന്ധപ്പെട്ട് സവിശേഷമായ ചില ആചാരക്രമങ്ങളും അനുഷ്ഠാനങ്ങളും നിലനിന്ന് വരുന്ന ഒരു ക്ഷേത്രമാണ് ആമേട.നാഗങ്ങളെ ആവാഹിച്ചു കൊണ്ടുപോയി കുടിയിരുത്തുന്ന കേരളത്തിലെ ചുരുക്കം ചില നാഗക്ഷേത്രങ്ങളിൽ ഒന്നാണ് ആമേട.കേരളത്തിലെ അതിപുരാതനമായ നാഗക്ഷേത്രത്തെക്കുറിച്ചുള്ള പഠനമെന്ന നിലയിലും ഫോക്‌ലോർ പഠനമെന്ന നിലയിലും ആമേടക്ഷേത്രത്തെക്കുറിച്ചുള്ള പഠനത്തിന് ഇന്ന് വളരെയധികം പ്രസക്തിയുണ്ട്.ദേവതാപ്രീതിക്കായി നടത്തിവരുന്നവയാണ് അനുഷ്ഠാനങ്ങളെങ്കിലും അതിനപ്പുറം ഓരോ കാലഘട്ടങ്ങളിലും അനുഷ്ഠാനങ്ങൾക്ക് അതിന്റേതായ ചില ധർമ്മങ്ങൾ നിർവഹിക്കാനുണ്ട്. നാഗാരാധനയുമായി ബന്ധപ്പെട്ട് ആമേടക്ഷേത്രമുൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ നടന്നു വരുന്ന അനുഷ്ഠാനങ്ങളിലെല്ലാം തന്നെ ഇത്തരത്തിലുള്ള ചില സാമൂഹികധർമ്മങ്ങൾ ഉൾച്ചേർന്നിരിക്കുന്നതായിക്കാണാം. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ ചില അന്വേഷണകളിയിൽ നിന്നു ആമേടക്ഷേത്രമുൾപ്പെടെ നാഗാരാധനയുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധഭാഗങ്ങളിൽ കണ്ടു വരുന്ന സർപ്പക്കാവുകൾ അനുഷ്ഠാനയിടം എന്നതിനപ്പുറം കേരളീയപ്രകൃതിയെ സംരക്ഷിച്ചു നിലനിർത്തുന്നതിൽ വളരെ വലിയൊരു പങ്ക് വഹിക്കുന്നുണ്ടെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിച്ച് നിർത്തുന്ന ജൈവിക ആവാസവ്യവസ്ഥിതി എന്ന നിലയിൽ പ്രകൃത്യാരാധനയുടെ കൂടി ഭാഗമായി മാറുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു.

നാഗങ്ങളുടെ അനുഗ്രഹം കൊണ്ടാണ് ഭൂമിയിൽ മനുഷ്യവാസം ഉണ്ടായതെന്ന് ഹൈന്ദവ പുരാണങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. ഇതിനുള്ള പ്രത്യുപകാരം എന്ന നിലയിലാണ് നാഗങ്ങളെ ആരാധിക്കുവാൻ ആരംഭിച്ചതെന്നും പറയപ്പെടുന്നു.

അനുഷ്ഠാന വേളകളിൽ നൂറുംപാലും നൽകി നാഗങ്ങളെ പ്രീതിപ്പെടുത്തുന്നതിലും ഈ ഉപകാര- പ്രത്യുപകാര ബന്ധങ്ങളുടെ ആഴം ദർശിക്കാം.പേടിച്ചു ജീവിക്കുന്നതിന് പകരം സ്നേഹിച്ചും പങ്കുവച്ചുമാണ് ജീവിക്കേണ്ടതെന്നുള്ളതിന്റെയും പ്രകൃതിയുടെ നിലനിൽപ്പിന് മനുഷ്യനും ജന്തുജാലങ്ങളും സഹവർത്തിത്വത്തോടെ വസിക്കേണ്ടത് അനിവാര്യമാണെന്നു മുള്ള മഹത്തായ സന്ദേശമാണ് നാഗാരാധനയുമായി ബന്ധപ്പെട്ട ഒരോ അനുഷ്ഠാനങ്ങളും മുന്നോട്ടുവയ്ക്കുന്നത് കുടുംബ ന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിൽ നിന്ന് കൊണ്ട് വീക്ഷിക്കുമ്പോഴാണ് പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പാഠങ്ങൾ ഉൾക്കൊള്ളുന്ന നാഗാരാധനയുടെ പ്രാധാന്യവും സമകാലിക സമൂഹത്തിൽ ആമേടക്ഷേത്രത്തിനും ഇവിടത്തെ ആചാരാനുഷ്ഠാനങ്ങൾക്കുമുള്ള പങ്കും തിരിച്ചറിയാനാകുന്നത്.

# ഗ്രന്ഥസൂചി

## ഗ്രന്ഥസൂചി


1. ജയകുമാരിക്കുഞ്ഞമ്മ സി.എസ്, നാഗരാധന കേരളത്തിൽ അന്താരാഷ്ട്ര കേരളപഠനകേന്ദ്രം കേരള സർവകലാശാല, തിരുവനന്തപുരം , 2012.
2. ജയകൃഷ്ണൻ. എൻ, നാഗാരാധനയും തിരിയുഴിച്ചിലും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം ,2015.
3. പ്രപഞ്ചനാഥ് മുള്ളൂർക്കര, നാഗാരാധന ഹൈന്ദവ ജീവിത്തിൽ സനാതന ധർമ്മപ്രചാരണവേദി ബുക്സ്, തൃശൂർ, 2008
4. വിഷ്ണുനമ്പൂതിരി എം.വി, പുള്ളുവപ്പാട്ടും നാഗാരാധനയും, എൻ.ബി.എസ്, കോട്ടയം, 1977.
5. സുരേഷ് മണ്ണാറശാല, സർപ്പാരാധനയും പ്രകൃതിസംരക്ഷണവും, കറന്റ് ബുക്സ് , കോട്ടയം, 2000.


## ലേഖനസൂചി


1. http://vedictalks.blogspot.om/2009/03/worship-of-serpent-gods-in-kerala.html
2. https://malayalam.samayam.com/spirituality/ameda-saptha-mathruka-temple/articleshow/50976342.cms
3. https://www-hindu--blog-com.translate.goog/2022/09/ameda-temple-history-festival-famous.html?m=1&_x_tr_sl=en&_x_tr_tl=ml&_x_tr_hl=ml&_x_tr_pto=tc
4. https://m-malayalam.webdunia.com/navarathri-2008/%E0%B4%B8%E0%B4%AA%E0%B5%8D%E0%B4%A4%E0%B4%AE%E0%B4%BE%E0%B4%A4%E0%B5%83%E0%B4%95%E0%B5%8D%E0%B4%95%E0%B4%B3%E0%B5%8D%E2%80%8D-108100700052_1.htmus.html
5. https://neramonline.com/%E0%B4%B8%E0%B4%AA%E0%B5%8D%E0%B4%A4%E0%B4%AE%E0%B4%BE%E0%B4%A4%E0%B5%83%E0%B4%95%E0%B5%8D%E0%B4%95%E0%B5%BE%E0%B4%95%E0%B5%8D%E0%B4%95%E0%B5%8D-7-%E0%B4%A6%E0%B4%BF%E0%B4%B5%E0%B4%B8%E0%B4%82/

# അനുബന്ധം

# അനുബന്ധം



ആമേടക്ഷേത്രം



നാഗത്തറ



പുള്ളുവൻ പാട്ട്




ആമേടക്ഷേത്രത്തിലെ ഗോശാല